കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

മുക്കം നഗരസഭ

ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് കോഴിക്കോട്

ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.14/1735/17 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

കോഴിക്കോട്.

തീയതി.11-10-2017

ജോയിന്റ് ഡയറക്ടർ

ചെയർമാൻ ( സെക്രട്ടറി മുഖേന)

മുക്കം നഗരസഭ

സർ,

വിഷയം : മുക്കം നഗരസഭ-2016-17 സാമ്പത്തിക വർഷങ്ങളിലെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുക്കം നഗരസഭയുടെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് . (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

3)നഗര കാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

4)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.14/1735/17 തിയ്യതി : 11-10-2017

കോഴിക്കോട് ജില്ലയിലെ മുക്കം നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ

ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മുക്കം നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.4.2016 മുതൽ 31.3.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ | ശ്രീ.പി.ഉണ്ണിക്കൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ തിയ്യതി | 22.5.2017 മുതൽ 31.5.2017 വരെ (ചെലവ്) |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീമതി. സബിത.എസ് | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ഷൈന.എ.കെ | അസി. ഓഡിറ്റ് ഓഫീസർ |
| കുമാരി. അഖില വി | ഓഡിറ്റർ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ തിയ്യതി | 8.8.2017 മുതൽ 11.8.2017വരെ (ഫൈനൽ ഓഡിറ്റ്) |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീമതി. സബിത.എസ് | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ഷൈന.എ.കെ | അസി. ഓഡിറ്റ് ഓഫീസർ |
| കുമാരി, അഖില വി | ഓഡിറ്റർ |
| ശ്രീ.ജാസിർ.സി.എം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| ക്രമനമ്പർ | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | ചെയർമാൻ | ശ്രീ.വി കുഞ്ഞൻ മാസ്റ്റർ | 1-04-2016മുതൽ 31-03-2017വരെ |
| 2 | സെക്രട്ടറി | ശ്രീ.ഗിരീഷ് കുമാർ. കെ | 1-04-2016 മുതൽ 14.12.2016 വരെ |
| 3 | | ശ്രീ.എൻ.കെ.ഹരീഷ് | 14.12.2016 മുതൽ 31.3.2017വരെ |
| 4 | അസി.സെക്രട്ടറി | ശ്രീ.ഷാനവാസ്.ഇ | 1.4.2016മുതൽ 6.2.2017വരെ |
| 5 | | ശ്രീ.ഗിരീഷ്.എം | 6.2.2017 മുതൽ 31.3.2017 വരെ |
| 6 | അസി.എഞ്ചിനീയർ | ശ്രീമതി.റസീന.എൻ.പി | 1-04-2016മുതൽ 31-03-2017വരെ |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സ്മിത.കെ | 1-04-2016മുതൽ 31-03-2017വരെ |
| 8 | മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.സത്യവതി | 1-04-2016മുതൽ 31.3.2017 വരെ |
| 9 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.റസീന ബീവി | 1-04-2016മുതൽ 31-03-2017വരെ |
| 10 | വെറ്റിനറി സർജൻ | ശ്രീ.സി.വി.രവി | 1-04-2016മുതൽ 31-03-2017വരെ |

| | | | |
|---|---|---|---|
| 11 | മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.ആനി.ടി.എ | 1-04-2016മുതൽ 28.5.2016വരെ |
| 12 | | ഡോ.മൃദുല ഗോപിനാഥ് | 29.5.2016 മുതൽ 31.3.2017 വരെ |
| 13 | ഹെഡ് മാസ്റ്റർ | ശ്രീമതി.റസിയ | 1-04-2016മുതൽ 31.3.2017വരെ |
| 14 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ.കെ.ആലിക്കുട്ടി | 1-04-2016മുതൽ 31.3.2017വരെ |
| 15 | കൃഷി ഓഫീസർ | ശ്രീ. സാജിദ് അഹമ്മദ് | 1-04-2016മുതൽ 25.4.2016വരെ |
| 16 | | ശ്രീമതി.ഷീബ | 25-04-2016മുതൽ 4.5.2016വരെ |
| 17 | | ശ്രീ. സാജിദ് അഹമ്മദ് | 4-5-2016മുതൽ 31.10.2016വരെ |
| 18 | | ശ്രീമതി. സബീന.എം.എം | 1-11-2016മുതൽ 31.1.2017വരെ |
| 19 | | ശ്രീ. മോഹൻദാസൻ.കെ | 1-2-2017മുതൽ 31.3.2017വരെ |
| 20 | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. രാധാകൃഷ്ണൻ.കെ | 1.4.2016 മുതൽ 31.3.2017 വരെ |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17വർഷത്തെ പുതുക്കിയ ബജറ്റ് 30.3.2017 തിയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2017 | 14-07-2017 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 8.8.2017 മുതൽ 11.8.2017 വരെ | ഓഡിറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു |

### 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് – 29962464

വരവ് – 104009674

ആകെ – 133972138

ചെലവ് – 92110750

നീക്കിയിരിപ്പ് – 41861388

### 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14569421 | 14569421 | 14569421 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9103091 | 9103091 | 9103091 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 79950 | 79950 | 79950 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 4497965 | 4497965 | 4497965 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3751926 | 3751926 | 3751926 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7041809 | 7041809 | 7041809 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3284489 | 3284489 | 3284489 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 3427632 | 3427632 | 337657 | 3089975 | 9.85 |
| ബി ഫണ്ട് | 0 | 30240950 | 30240950 | 30240950 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 402 | 197923620 | 200 | 60349368 | 0 | 202 | 49.75 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 7132985 | 31750171 | 24617186 | 345% |
| നികുതിയേതര വരവുകൾ | 1763171 | 4730436 | 2967265 | 168% |
| മറ്റുവരവുകൾ | 223000 | 1368937 | 1145937 | 514% |
| ആകെ | 9119156 | 37849544 | 28730388 | 315% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 613920 | 282 |
| കർഷകതൊഴിലാളി പെൻഷൻ | 5445600 | 955 |
| വിധവാപെൻഷൻ | 10828805 | 1467 |
| വാർദ്ധക്യകാലപെൻഷൻ | 9825325 | 1594 |
| വികലാംഗപെൻഷൻ | 2802710 | 425 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 724590 | 103 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.5.2017 3pm ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 18568/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ, ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.11.2015 | ഒക്ടോബർ 2015 | റിപ്പോർട്ട് നമ്പർ ഫയലിൽ നിന്നും ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.6.2017 | 2012-13 മുതൽ 2016-17 വരെ | റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2016- 17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. ട്രഷറി സ്റ്റേറ്റ് മെന്റ് പ്രകാരം മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ചെലവ് തുക 3727992/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ 3751926/- രൂപയാണ് ചെലവ്. 23934/- രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്. കൂടാതെട്രഷറി സ്റ്റേറ്റ് മെന്റ് പ്രകാരം മെയിന്റനൻസ് ഗ്രാന്റ് റോഡ് ചെലവ് തുക 4521899/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ 4497965/- രൂപയാണ് ചെലവ്. 23934/- രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.
2. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ പാസ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് തുക 3120579/- രൂപയാണ്. മുനിസിപ്പാലിറ്റിയിൽ റിക്കൺസിലിയേഷനിൽ ബാങ്ക് ബാലൻസായി കാണിച്ചത് 3427632/- രൂപയാണ്. 307053/- രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.
3. വസ്തുനികുതി സംബന്ധിച്ച കണക്കുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. കുടിശ്ശിക സംബന്ധിച്ച കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിലേയ്ക്കുള്ള ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല. ആയതിനാൽ വസ്തുനികുതി ഇനത്തിൽ തൻവർഷത്തിൽ ലഭ്യമാകേണ്ട നികുതിയുടെ വിശദാംശങ്ങൾ വാർഷിക ധനകാര്യപത്രികയിലെ കണക്കും പൊരുത്തപ്പെടുന്നില്ല. വസ്തുനികുതി കണക്കുകൾ കൃത്യമാക്കി രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
4. മുനിസിപ്പാലിറ്റിയിലെ മുഴുവൻ ആസ്തികളും വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല. സാംഖ്യാധിഷ്ഠിത സമ്പ്രദായത്തിലേയ്ക്ക് മാറുന്ന തീയതി വരെ സൃഷ്ടിച്ച ആസ്തികളുടെ മൂല്യം ബാലൻസിലുൾപ്പെടുത്തിയിട്ടില്ല.
5. അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല. അതിനാൽ ഈ പത്രിക ശരിയായ രീതിയിൽ കണക്കുകൾ പ്രതിഫലിക്കുന്നില്ല.
6. ബജറ്റ് ഫങ്ഷൻ ഫങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

7. ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം തൻവർഷം നടത്തിയ പർച്ചേസുകളുടെ മൂല്യം ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
8. ഇ-ടെണ്ടർ ഫീസ് ഇനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവുവന്ന 49480/- രൂപ മുനിസിപ്പാലിറ്റി ഫണ്ടിലേയ്ക്ക് വരവ് വന്നിട്ടില്ല.
9. ബിൽഡിങ്ങ് പെർമിറ്റ് റജിസ്റ്റർ, വാടക റജിസ്റ്റർ , ഡെപ്പോസിറ്റ് റജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് റജിസ്റ്റർ എന്നിവ എഴുതി പൂർത്തിയാക്കി സംക്ഷിപ്തം എഴുതിയിട്ടില്ലാത്തതിനാൽ ഈയിനത്തിലെ വരവിന്റെ കൃത്യത പരിശോധിയ്ക്കാനായിട്ടില്ല.
10. സിവിക് അമ്നിറ്റീസ് എന്ന ഹെഡ്ഡിൽ ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടകയിനത്തിൽ അരിയർ കളക്ഷൻ 14148/- രൂപയാണ് അക്കൗണ്ടിൽ കാണിച്ചിരിക്കുന്നത്. എന്നാൽ രജിസ്റ്ററിലെ ഡിസിബി സ്റ്റേറ്റ്മെന്റ് പ്രകാരം അരിയർ കളക്ഷനിൽ 19601/- രൂപ വരവുണ്ട്. 5453/- രൂപയുടെ വ്യത്യാസം കാണുന്നു. അക്കൗണ്ട്സിലെ ബാലൻസ് ഷീറ്റിൽ 821/- രൂപ മാത്രമാണ് അരിയർ ലഭിയ്ക്കാനായി കാണിയ്ക്കുന്നുള്ളൂ. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സർവ്വീസ് ടാക്സിനത്തിൽ അരിയർ 2940/- രൂപയും കറണ്ട് കളക്ഷൻ 309756/-രൂപയും ആയി ആകെ 312696/- രൂപ ഷോപ്പിംഗ് കോംപ്ലക്സ് സർവ്വീസ് ടാക്സിനത്തിൽ വരവുണ്ട്. വ്യത്യാസം ഉള്ള 33073/-രൂപ ഏതൊക്കെ ഇനത്തിലെ ഹെഡ്ഡിലാണ് വന്നിട്ടുള്ളത് എന്ന് വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-2 മൊബൈൽ ടവർ- കുടിശ്ശിക ഈടാക്കുന്നില്ല.

സഞ്ചയ ഫോറം 6 പരിശോധിച്ചപ്പോൾ താഴെ പറയുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല. ഈടാക്കാനുള്ള കുടിശ്ശികയുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര്, സ്ഥാപനം | തറവിസ്തീർണ്ണം | ഈടാക്കാനുള്ള കാലയളവ് | ആകെ ഡിമാന്റ് |
|---|---|---|---|---|---|
| 1 | 2/365 | ഷാജു.ടി.നായർ, വോഡാഫോൺ എസ്സാർ സെല്ലുലാർ കൊച്ചി | 15ച.മീ | 2013-14 മുതൽ 2016-17 വരെ ഈടാക്കിയിട്ടില്ല. | 27720 |
| 2 | 7/149 | റിയലൻസ് ടെലകോം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് | 15 ച.മീ | 2013-14 മുതൽ 2016-17 വരെ ഈടാക്കിയിട്ടില്ല. | 30240 |
| 3 | 8/588 | വി.ഡി സുദേവൻ, മാനേജർ W.T.T.I.L | 15 ച.മീ | 2013-14 മുതൽ 2016-17 വരെ ഈടാക്കിയിട്ടില്ല. | 30240 |
| 4 | 8/1735 | സർക്കിൾ ഹെഡ് ഇന്ത്യ ടെലകോം ഇൻഫ്രാ ലിമിറ്റഡ് | 15 ച.മീ | 2013-14 മുതൽ 2016-17 വരെ ഈടാക്കിയിട്ടില്ല. | 30240 |
| 5 | 8/1847 | മാനേജർ റിയലൻസ് ഇൻഫോകോം | 15 ച.മീ | 2013-14 മുതൽ 2016-17 വരെ ഈടാക്കിയിട്ടില്ല. | 30240 |
| 6 | 14/374 | മാനേജർ എസ്സാർ സെല്ലുലാർ വോഡാഫോൺ | 10 ച.മീ | 2013-14 മുതൽ 2016-17 വരെ ഈടാക്കിയിട്ടില്ല. | 20160 |
| 7 | 16/89A | ഭാരതി | 15 ച.മീ | 2013-14 മുതൽ | 30240 |

| | | | | | |
|---|---|---|---|---|---|
| | | ഇൻഫ്രാടെക്ക് ലിമിറ്റഡ് | | 2016-17 വരെ ഈടാക്കിയിട്ടില്ല. | |
| 8 | 19/371 A | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 15 ച.മീ | 2013-14 മുതൽ 2016-17 വരെ ഈടാക്കിയിട്ടില്ല. | 30240 |
| ആകെ | | | | | 229320 |

വസ്തുനികുതി ഈടാക്കാത്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 21/16-17 തി. 10.8.2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ മൊബൈൽ ടവറുകളുടെ നികുതി നിർണ്ണയിച്ചിരിക്കുന്നത് തറവിസ്തീർണ്ണം പൂർണ്ണമായി ഉൾപ്പെടുത്തിയിട്ടില്ല. മൊബൈൽ ടവറുകളുടെ നികുതി നിർണ്ണയിക്കുമ്പോൾ ടവറിന്റെ തറവിസ്തീർണ്ണം അനുബന്ധ കെട്ടിടങ്ങളുടെ (ഡി ജി റൂം, ജനറേറ്റർ റൂം ) വിസ്തീർണ്ണം ഉൾപ്പെടെയാണ് കണക്കാക്കേണ്ടത്. എന്നാൽ മുനിസിപ്പാലിറ്റിയിൽ നികുതി നിർണ്ണയം നടത്തിയിരിക്കുന്നത് ടവറിന്റെ തറവിസ്തീർണ്ണം ഒഴികെയാണ്. ടവറിന്റെ വിസ്തീർണ്ണം ഉൾപ്പെടുത്തി നികുതി പുനർനിർണ്ണയിക്കേണ്ടതും .നികുതി കടിശ്ശിക സഹിതം ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## **2-3** ഒരേ കെട്ടിടത്തിൽ വിവിധ കെട്ടിടനമ്പറുകൾ അനുവദിക്കുന്നതുമൂലം വസ്തുനികുതിയിൽ നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിടനമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തുനികുതി ചുമത്തേണ്ടതുമാണ്.

ഗ്രാമപഞ്ചായത്ത് ആയിരുന്ന കാലയളവിൽ 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീ 45രൂപ നിരക്കിലും, 100 ച.മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീ നു 50 രൂപ നിരക്കിലും, 200 ച.മീ വരെ 50 രൂപ നിരക്കിലും, 200 ച.മീറ്ററിനു മുകളിൽ 80 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

എന്നാൽ പൂർണ്ണമായും വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

<u>ഉദാഹരണം താഴെ കൊടുക്കുന്നു.</u>

കെട്ടിട ഉടമ : ഷാക്കിർ

വെങ്ങാനക്കൽ

നീലേശ്വരം.

കെട്ടിടത്തിന്റെ തറവിസ്തീർണ്ണം : 579.10 ച.മീ.

കെട്ടിടത്തിന് അനുവദിക്കപ്പെട്ട നമ്പറുകൾ - 20ാം വാർഡിലെ 33/A,33/B,33/C,33/D,33/E,33/F,33/G,33/H,33/I,33 /J,33/K,33/L,33/M,33/N,33/P,33/Q,33/R,33/S,33T,33/U,33/U, 33/V,33/W,33/X,33/Y

കെട്ടിടത്തിന്റെ ഉപയോഗക്രമം - വാണിജ്യം

| കെട്ടിടത്തിന്റെ നമ്പർ | തറവിസ്തീർണ്ണം | നിർണ്ണയിച്ച വസ്തുനികുതി (45 രൂപ നിരക്കിൽ) | ഈടാക്കേണ്ടിയിരുന്നത് (80 രൂപ നിരക്കിൽ ഇളവുകളും വർദ്ധനയും ഉൾപ്പെടെയുള്ള തുക) | കുറവ് വന്ന തുക |
|---|---|---|---|---|
| 20/33A | 32 ച.മീ | 1815 | 3226 | 1411 |
| 20/33B | 35ച.മീ | 1985 | 3528 | 1543 |
| 20/33C | 35 ച.മീ | 1985 | 3528 | 1543 |
| 20/33D | 25.01 ച.മീ | 1419 | 2521 | 1102 |
| 20/33E | 17.4 ച.മീ | 987 | 1754 | 767 |
| 20/33F | 17.4ച.മീ | 987 | 1754 | 767 |

| | | | | |
|---|---|---|---|---|
| 20/33G | 17.4ച.മീ | 987 | 1754 | 767 |
| 20/33H | 17.4ച.മീ | 987 | 1754 | 767 |
| 20/33I | 17.4ച.മീ | 987 | 1754 | 767 |
| 20/33J | 17.4ച.മീ | 987 | 1754 | 767 |
| 20/33K | 17.4ച.മീ | 987 | 1754 | 767 |
| 20/33L | 17.4ച.മീ | 987 | 1754 | 767 |
| 20/33M | 37.79 ച.മീ | 2036 | 3619 | 1583 |
| 20/33N | 41 ച.മീ | 2210 | 3926 | 1716 |
| 20/33P | 41 ച.മീ | 2210 | 3926 | 1716 |
| 20/33Q | 29.1 ച.മീ | 1569 | 2787 | 1218 |
| 20/33R | 20.5 ച.മീ | 1105 | 1964 | 859 |
| 20/33S | 20.5 ച.മീ | 1105 | 1964 | 859 |
| 20/33T | 20.5 ച.മീ | 1105 | 1964 | 859 |
| 20/33U | 20.5 ച.മീ | 1105 | 1964 | 859 |
| 20/33V | 20.5 ച.മീ | 1105 | 1964 | 859 |
| 20/33W | 20.5 ച.മീ | 1105 | 1964 | 859 |
| 20/33X | 20.5 ച.മീ | 1105 | 1964 | 859 |
| 20/33Y | 20.5 ച.മീ | 1105 | 1964 | 859 |
| ആകെ | | 31965 | 56805 | 24840 |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 80 രൂപ

തറവിസ്തീർണ്ണം- 579.10 ച.മീ

ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി - 579.10 X 80= 56805 രൂപ
(ഇളവുകൾ/വർദ്ധനവ് വരുത്തിയ ശേഷം നിർണ്ണയിച്ച തുക)

നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം - 24840/-

വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന റൂമുകളെല്ലാം ചേർത്ത് ഒറ്റ കെട്ടിടമായി പരിഗണിച്ച് നികുതി ഈടാക്കാതെ മേൽ വിവരിച്ച പ്രകാരം നികുതി നിർണ്ണയിച്ചതിലൂടെ നികുതി ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.(വസ്തുനികുതി നഷ്ടം കണക്കാക്കിയിട്ടുള്ളത് ഗ്രാമപഞ്ചായത്ത് നിർണ്ണയിച്ച നിരക്കിലാണ്). മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 26/16-17തി. 10.8.2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ടതുക ഈടാക്കേണ്ടതും കെട്ടിടങ്ങൾക്ക് മേൽപറഞ്ഞ രീതിയിൽ നികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്. കൂടാതെ വസ്തുനികുതി മുനിസിപ്പാലിറ്റി നിരക്കിലേക്ക് മാറ്റുമ്പോൾ കുടിശ്ശിക സഹിതം അത്തരത്തിൽ ഈടാക്കേണ്ടതാണ്.

## 2-4 രശീതി അപാകതകൾ

കളക്ഷൻ രജിസ്റ്റർ പ്രകാരമുള്ള തുക അടവാക്കിയതായി കാണുന്നില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | രശീതി നമ്പർ, തിയ്യതി | അടവാക്കേണ്ട തുക | അടവാക്കിയ തുക, രശീതി നമ്പർ/തിയ്യതി | കുറവ് വന്ന തുക |
|---|---|---|---|---|
| 1 | 177/27-46 | 49638 | 49454/- | 184 |

| | | | | |
|---|---|---|---|---|
| | 24.4.2017 | | 117030100333/24.4.2017 | |
| 2 | 102/60-100<br>105/1-61<br>22.10.2016 | 37635 | 37605/-<br>11603104167/22.10.2016 | 30 |
| 3 | 180/53-61<br>8.5.2017 | 1693 | 1672/-<br>117030100576/8.5.2017 | 21 |
| 4 | 69/62-67<br>1.6.2016 | 2374 | 2354/-<br>11603101355/1.6.2016 | 20 |
| 5 | 69/15-21<br>23.5.2016 | 4158 | 4138/-<br>11603101124/23.5.2016 | 20 |
| ആകെ | | | | 275 |

അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 18/16-17 തി. 31.5.2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ടതുക തിരികെ തനത്ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-5 വസ്തുനികുതി ഫ്രണ്ട് ഓഫീസ് വഴി ഈടാക്കുന്നില്ല.

വസ്തുനികുതി ഈടാക്കുന്നതിന് സാംഖ്യ ക്യാഷ് രശീതി നൽകുന്നില്ല. വസ്തുനികുതി ഒഴികെയുള്ള സേവനങ്ങൾക്കാണ് ക്യാഷ് രശീതി നൽകുന്നത്. വസ്തുനികുതി അടയ്ക്കുവാൻ വരുന്നവർക്ക് വാർഡ് ക്ലർക്ക് മാന്വൽ രശീതിയാണ് നൽകുന്നത്. വസ്തുനികുതി ഇനത്തിൽ ഇത്തരത്തിൽ പിരിച്ചെടുക്കുന്ന തുക ക്ലർക്കിന്റെ പേരിൽ സാംഖ്യയിൽ വരവ് വെയ്ക്കുകയാണ് ചെയ്യുന്നത്. ഫ്രണ്ട് ഓഫീസ് സംവിധാനം ഉള്ളപ്പോൾ ഇത്തരത്തിൽ നികുതി പിരിക്കുന്നതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 28/16-17തി. 11.8.2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം ഉള്ളപ്പോൾ നികുതി ഇത്തരത്തിൽ പിരിക്കുന്നത് ശരിയായ നടപടിയല്ല. അപാകതയ്ക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-6 ഓഫീസ് കെട്ടിടങ്ങളുടെ നികുതി നിർണ്ണയം- അപാകത

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ, എസ്.ആർ.ഒ നമ്പർ 37/2011, എസ്.ആർ.ഒ നമ്പർ 180/2013 തി.15.3.2013 അടിസ്ഥാനമാക്കി നികുതി നിർണ്ണയിക്കേണ്ടതും സ.ഉ (എം.എസ്) 144/15/ ത.സ്വ.ഭ.വ തി.27.4.2015 അടിസ്ഥാനമാക്കി കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിക്കേണ്ടതുമാണ്. ഓഫീസ് കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് നിജപ്പെടുത്താൻ ചട്ടത്തിലോ, സർക്കാർ ഉത്തരവിലോ വ്യവസ്ഥയില്ല. ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി വർദ്ധനവ് 150 ശതമാനമായി നിജപ്പെടുത്തി അനർഹമായി ഇളവ് നൽകി നികുതി നിർണ്ണയിച്ചിട്ടുണ്ട്. വിശദവിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം | കെട്ടിട ഉടമ/ സ്ഥാപനം, വാർഡ്/ കെട്ടിട നം | തറ വിസ്തീർണ്ണം (ച.മീ) | പഴയ നികുതി | 2011ലെ ചട്ടപ്രകാരം പുനർ നിർണ്ണയിച്ച കെട്ടിടത്തിന്റെ അടിസ്ഥാന വാർഷിക വസ്തു നികുതി (ഇളവുകൾക്കും വർദ്ധനവുകൾക്കും ശേഷം)+ | അനർഹമായി പരിമിതപ്പെടുത്തി നിശ്ചയിച്ച വാർഷിക വസ്തു നികുതി (ലൈബ്രറി സെസ് അടക്കം) | വസ്തു നികുതി പരിമിതപ്പെടുത്തിയതിനാലുണ്ടായ നഷ്ടം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | ഗ്രന്ഥശാലവരി (5%)=ആകെ | | |
| 1 | മാനേജർ, തിരുവമ്പാടി റബർ എസ്റ്റേറ്റ്, 3/115 | 35 ച.മീ | 61 | 1323 | 161 | 1162 |
| 2 | മാനേജിംഗ് ഡയറക്ടർ, കല്പക പ്ലാന്റേഷൻ, 3/599 | 40 ച.മീ | 10 | 1176 | 27 | 1149 |
| 3 | മാനേജിംഗ് ഡയറക്ടർ, കല്പക പ്ലാന്റേഷൻ, 3/600 | 35ച.മീ | 10 | 1029 | 27 | 1002 |
| 4 | സൂപ്രണ്ട് ഓഫ് പോലീസ്, 8/1337 | 35 ച.മീ | 22 | 1617 | 58 | 1559 |
| 5 | സെക്രട്ടറി ഇസ്ലാഹിയ അസോസിയേഷൻ 11/499 | 60 ച.മീ | 607 | 2016 | 1594 | 422 |
| 6 | സ്വാലിഹ്, തട്ടാരുതൊടി, 12/40 | 14 ച.മീ | 15 | 647 | 40 | 607 |
| 7 | അസിസ്റ്റന്റ് എഞ്ചിനീയർ, 110 കെ.വി സബ്സ്റ്റേഷൻ, 18/382 | 392.5ച.മീ | 2000 | 14837 | 5250 | 9587 |
| 8 | സെക്രട്ടറി, ഇസ്ലാമിക് കൾച്ചറൽ സെന്റർ 21/1571 | 70 ച.മീ | 65 | 3234 | 172 | 3062 |
| ആകെ | | | | | | ₹ 18550 |

അപാകതക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 24/16-17 തി. 4.8.2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കേണ്ടതും അത്തരത്തിൽ ഈടാക്കേണ്ടതുമാണ്.

## 2-7 വസ്തുനികുതി അപാകതകൾ

1) വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല

14.1.2011 ലെ സ.ഉ (അ) 18/2011 ത.സ്വ.ഭ.വ പ്രകാരം മുനിസിപ്പൽ കൗൺസിലുകളിലും, മുനിസിപ്പൽ കോർപ്പറേഷനുകളിലും ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാനവസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക വിധേയമായി നിശ്ചയിക്കേണ്ടതാണ്. 1.11.2015 ന് ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റി ആയിട്ടുണ്ട് . 19.7.2016 ന് ചേർന്ന ഭരണസമിതി 138/2016 ാം നമ്പർ തീരുമാനപ്രകാരം വിവിധ ഉപയോഗക്രമങ്ങൾക്ക് അടിസ്ഥാന

വസ്തുനികുതി നിരക്കുകൾ പുനർ നിർണ്ണയിക്കുന്നതിന് നിശ്ചയിച്ചുവെങ്കിലും വസ്തുനികുതി നിരക്കുകൾ പരിഷ്കരിച്ച് നികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല. മുനിസിപ്പാലിറ്റി രൂപീകരിച്ചിട്ട് 1 വർഷം കഴിഞ്ഞിട്ടും പ്രസ്തുത വിഷയത്തിൽ നടപടി കൈക്കൊണ്ടില്ല. നിലവിലും ഗ്രാമപഞ്ചായത്ത് ആയിരുന്ന കാലയളവിലെ നിരക്കുകളിലാണ് ഈടാക്കി കൊണ്ടിരിക്കുന്നത്. സഞ്ചയ സോഫ്റ്റ്‌വെയറിലും പരിഷ്കരണത്തിനനുസൃതമായ മാറ്റം വരുത്തിയില്ല. ഐ.കെ.എം നോട് ആവശ്യപ്പെടുകയല്ലാതെ കാലോചിതമായി പരിഷ്കരിച്ചിട്ടില്ല. ആയതിനാൽ വസ്തുനികുതിയിൽ ഗണ്യമായ കുറവ് സംഭവിക്കുന്നുണ്ട്. നികുതി പരിഷ്കരിക്കുന്നതിന് കാലതാമസം വരുത്തുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

2) സഞ്ചയ- സാംഖ്യ ഇന്റഗ്രേഷൻ ചെയ്തിട്ടില്ല.

മുനിസിപ്പാലിറ്റിയിൽ നാളിതുവരെ സഞ്ചയ- സാംഖ്യ സോഫ്റ്റ്‌വെയറുകൾ ഇന്റഗ്രേറ്റ് ചെയ്തിട്ടില്ല. ഇതുകാരണം വസ്തുനികുതി ഡിമാന്റ് സാംഖ്യയിൽ ലഭ്യമല്ല. പഞ്ചായത്തിൽ വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വസ്തുനികുതി ഡിമാന്റിന്റെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 27/16-17 തി,11.8.2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളിൽ വസ്തുനികുതി പുനർനിർണ്ണയത്തിനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതും പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. സഞ്ചയ ഡാറ്റാ എൻട്രി പൂർത്തിയാക്കി സാംഖ്യ ഇന്റഗ്രേഷനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## **2-8** നികുതി ഒഴിവാക്കിയ കെട്ടിടങ്ങൾ

ജി.ഒ (എം.എസ്) 144/2015 ത.സ്വ.ഭ.വ തി.27.4.2015 പ്രകാരം 60 ച.മീ വരെ വിസ്തീർണ്ണമുള്ള എല്ലാ വാസഗൃഹങ്ങളെയും വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം ഒരു കുടുംബത്തിലെ കുടുംബനാഥൻ/ കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. ഉടമസ്ഥന്റെ സത്യവാങ്മൂലം ലഭ്യമാക്കിയിട്ടാണ് നികുതി ഇളവ് നൽകേണ്ടത്. എന്നാൽ സഞ്ചയ ഫോറം 6 പരിശോധിച്ചപ്പോൾ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് സത്യവാങ്മൂലം ലഭ്യമാക്കാതെ തന്നെ നികുതി ഇളവ് നൽകിയിട്ടുണ്ട്.

| ക്രമനമ്പർ | കെട്ടിടനമ്പർ | ഉടമ | തറവിസ്തീർണ്ണം |
|---|---|---|---|
| 1 | 1/613 | പോക്കർകുട്ടി, നടുക്കണ്ടി | 60 ച.മീ |
| 2 | 9/276 | ഗോപാലൻ, ആശാരിക്കണ്ടി | താഴത്തെ നില 60.ച.മീ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് |

കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകാനുള്ള കാരണം വിശദീകരിക്കാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 23/16-17തി. 10.8.2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സത്യവാങ്മൂലം ലഭ്യമാക്കാതെ നികുതി ഇളവ് നൽകാനുണ്ടായ കാരണം വിശദീകരിക്കേണ്ടതാണ്.

## **2-9** നികുതി ഒഴിവാക്കിയത് സംബന്ധിച്ച്

സഞ്ചയ അസസ്മെന്റ് (ഫോറം 6) പരിശോധിച്ചപ്പോൾ താഴെ പറയുന്ന കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | കെട്ടിടനമ്പർ | തറ വിസ്തീർണ്ണം | കെട്ടിട ഉടമ, സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | 1/34, 1/35, 1/36 | 32 ച.മീ, 32 ച.മീ. 32 ച.മീ | പ്രസിഡന്റ്, അൽ മദറസ്സത്തുൽ ഇസ്ലാമിയ കമ്മിറ്റി |
| 2 | 1/278 | 5 ച.മീ | ബ്ലോക്ക് ഡെവലപ്പ്മെന്റ് |

| | | | |
|---|---|---|---|
| | | | ഓഫീസ് |
| 3 | 4/482 | 160 ച.മീ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 4 | 8/38, 8/39, 8/40, 8/41,8/44 | 175 ച.മീ, 160 ച.മീ, 70 ച.മീ, 150 ച.മീ, 160 ച.മീ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 5 | 11/106 | 69 ച.മീ | പ്രാഥമികാരോഗ്യകേന്ദ്രം |
| 6 | 11/362 | 250 ച.മീ | പ്രസിഡന്റ്, സുന്നി എജ്യുക്കേഷൻ ട്രസ്റ്റ് |
| 7 | 14/334 | 160 ച.മീ | ഹോമിയോ ഡിസ്പെൻസറി, മണാശ്ശേരി |
| 8 | 14/470 | 25 ച.മീ | പ്രസിഡന്റ്, പി.കെ.ഇമ്പിച്ചി |

നികുതി ഇളവ് നൽകിയതിനുള്ള കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 22/16-17തി. 10.8.2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകാനുണ്ടായ കാരണം വിശദീകരിക്കേണ്ടതാണ്.

## 2-10 ലേല തുക ഈടാക്കുന്നതിൽ കാലതാമസം വരുത്തുന്നു..

20.10.2016 ന് പരസ്യനികുതി ലേലം ചെയ്യുകയും സൗഫീഖ്, വെങ്ങളത്ത്(ഹൗസ്), മുക്കം അവർകൾക്ക് 28.10.2016 ന് ലേലം സ്ഥിരപ്പെടുത്തുകയും ചെയ്തു. ലേലനിബന്ധന പ്രകാരം ലേലത്തിൽ പങ്കെടുക്കുന്നവർ 5000 രൂപ നിരതദ്രവ്യം കെട്ടിവെയ്ക്കേണ്ടതും ലേലക്കാരൻ ലേലതുകയുടെ പകുതി തുക അപ്പോൾ തന്നെ അടയ്ക്കേണ്ടതുമാണ്. എന്നാൽ ടിയാനിൽ നിന്നും 9000 രൂപ നിരതദ്രവ്യത്തോടൊപ്പം ചേർത്ത് 25.1.2017 നാണ് ഈടാക്കിയിട്ടുള്ളത്. ലേലതുക ഒടുക്കുവാൻ കാലതാമസം വന്നതിന് നിയമാനുസൃതമായ പിഴപലിശ ഈടാക്കാതിരുന്നതിനും ലേലനിബന്ധനകളിൽ വീഴ്ച വരുത്തിയാൽ സ്വീകരിക്കേണ്ട നടപടികളുടെ വിശദാംശങ്ങൾ (നിരക്കുകൾ) പൂർണ്ണമായി രേഖപ്പെടുത്താതെ കരാർ ചമച്ചതിനും വിശദീകരണം നൽകാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 29/2016-17 തി. 11.8.2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-11 അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിയ്ക്കുന്നതിൽ നിയമാനുസൃത നടപടികൾ പൂർത്തിയാക്കിയില്ല

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4(2)പ്രകാരം ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ അല്ലെങ്കിൽ കൂട്ടിച്ചേർക്കുകയൊ വിപുലീകരിക്കുകയോ മാറ്റം വരുത്തുകയോ ചെയ്യണമെങ്കിൽ ആദ്യം അത്തരത്തിലുള്ള ഓരോ കെട്ടിടത്തിനും സെക്രട്ടറിയിൽ നിന്ന് കെട്ടിടപെർമിറ്റ് നേടിയിരിക്കേണ്ടതാണ് എന്ന വ്യവസ്ഥ പാലിയ്ക്കാതെ മുൻസിപ്പാലിറ്റി പരിധിയിൽ അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെ.എം.സി.ടി കെട്ടിടങ്ങളുടെ വിശദാംശങ്ങളാണ് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | യു.എ നമ്പർ | കെട്ടിട ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | പ്ലിന്ത് ഏരിയ | റിമാർക്ക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | UA-6/11-12 | ഡോ. കെ.മൊയ്തു | മെഡിക്കൽ കോളേജ് | 20080.8 m2 | വസ്തു നികുതി ഈടാക്കിയിട്ടുണ്ട് |
| 2 | UA-7/12-13 | ഡോ. കെ.മൊയ്തു | ഡെന്റൽ കോളേജ് | 4155.1 m2 | |
| 3 | UA-8/12-13 | ഡോ. കെ.മൊയ്തു | ഫാർമസി കോളേജ്-1 | 1569.12 m2 | |
| 4 | UA-9/12-13 | ഡോ. കെ.മൊയ്തു | ഫാർമസി കോളേജ്-2 | 2677.03 m2 | |
| 5 | UA-10/12-13 | ഡോ. കെ.മൊയ്തു | ആയുർവ്വേദ കോളേജ് | 3768.4 m2 | |
| 6 | UA-11/08-09 | ഡോ. കെ.മൊയ്തു | നഴ്സിങ്ങ് കോളേജ് | 2677 m2 | |
| 7 | UA-12/12-13 | ഡോ. കെ.മൊയ്തു | ഓഡിറ്റോറിയം ബിൽഡിങ്ങ്-1 | 1137.65 m2 | |
| 8 | UA-13/12-13 | ഡോ. കെ.മൊയ്തു | ഓഡിറ്റോറിയം ബിൽഡിങ്ങ്-2 | 217 m2 | |
| 9 | UA-14/12-13 | ഡോ. കെ.മൊയ്തു | പവർ ഹൗസ് കം കാന്റീൻ | 297.6 m2 | |
| 10 | UA-15/12-13 | ഡോ. കെ.മൊയ്തു | സ്റ്റാഫ് കോട്ടേഴ്സ് -2 | 1934.06 m2 | |
| 11 | UA-16/07-08 | ഡോ. കെ.മൊയ്തു | ലേഡീസ് ഹോസ്റ്റൽ-1 | 1821.92 m2 | |
| 13 | UA-17/07-08 | ഡോ. കെ.മൊയ്തു | ലേഡീസ് ഹോസ്റ്റൽ-3 | 2556.86 m2 | |
| 13 | UA-18/07-08 | ഡോ. കെ.മൊയ്തു | ലേഡീസ് ഹോസ്റ്റൽ-2 | 3493.14 m2 | |
| 14 | UA-19/07-08 | ഡോ. കെ.മൊയ്തു | കാന്റീൻ ബിൽഡിങ്ങ്-1 | 145.4 m2 | |
| 15 | UA-20/07-08 | ഡോ. കെ.മൊയ്തു | കാന്റീൻ ബിൽഡിങ്ങ്-2 | 155.4 m2 | |
| 16 | UA-21/07-08 | ഡോ. കെ.മൊയ്തു | കാന്റീൻ ബിൽഡിങ്ങ്-2 | 155.4 m2 | |
| 17 | UA-22/07-08 | ഡോ. കെ.മൊയ്തു | സ്റ്റാഫ് കോട്ടേഴ്സ് | 119 m2 | |
| 18 | UA-23/09-10 | ഡോ. കെ.മൊയ്തു | വുമൻസ് എഞ്ചിനീയറിങ്ങ് കോളേജ് | 6321.69 m2 | |

| | | | | |
|---|---|---|---|---|
| 19 | UA-24/10-11 | ഡോ. കെ.മൊയ്തു | വർക്ക ഷോപ്പ് ഷെഡ് | 167.68 m2 |
| 20 | UA-25/07-08 | ഡോ. കെ.മൊയ്തു | ജനറേറ്റർ റൂം-1 | 14.98 m2 |
| 21 | UA-26/07-08 | ഡോ. കെ.മൊയ്തു | ജനറേറ്റർ റൂം-1 | 67.68 m2 |
| 22 | UA-27/07-08 | ഡോ. കെ.മൊയ്തു | പോളി ടെക്നിക്ക് കാന്റീൻ | 2701.35 m2 |
| 23 | UA-28/07-08 | ഡോ. കെ.മൊയ്തു | കാന്റീൻ | 501.8 m2 |
| 24 | UA-29/07-08 | ഡോ. കെ.മൊയ്തു | എഞ്ചിനീയറിങ്ങ് കോളേജ് | 9122.43 m2 |
| 25 | UA-30/07-08 | ഡോ. കെ.മൊയ്തു | മാനേജ്മെന്റ് സ്റ്റഡീസ്-കമ്പ്യൂട്ടർ | 3816 m2 |
| 26 | UA-31/04-05 | ഡോ. കെ.മൊയ്തു | വർക്ക്ഷോപ്പ് ഷെഡ്-2 | 343.22 m2 |
| 27 | UA-32/07-08 | ഡോ. കെ.മൊയ്തു | ബോയ്സ് ഹോസ്റ്റൽ | 1836.28 m2 |
| 28 | UA-33/07-08 | ഡോ. കെ.മൊയ്തു | പോളിടെക്നിക്ക് ബിൽഡിങ്ങ് | 2933.69 m2 |
| 29 | UA-34/07-08 | ഡോ. കെ.മൊയ്തു | സ്റ്റോർ ഷെഡ് | 106.45 m2 |
| 30 | UA-35/07-08 | ഡോ. കെ.മൊയ്തു | ജനറേറ്റർ റൂം | 9.01 m2 |
| 31 | UA-36/07-08 | ഡോ. കെ.മൊയ്തു | വർക്ക് ഷോപ്പ് ഷെഡ് | 228.86 m2 |
| 32 | UA-37/07-08 | ഡോ. കെ.മൊയ്തു | വർക്ക് ഷോപ്പ് പോളിടെക്നിക്ക്-2 | 362 m2 |
| 33 | UA-38/07-08 | ഡോ. കെ.മൊയ്തു | വർക്ക് ഷോപ്പ് പോളിടെക്നിക്ക്-2 | 348 m2 |
| 34 | UA-39/09-10 | ഡോ. കെ.മൊയ്തു | ഡിപ്പാർട്ട് മെന്റ് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് | 3816 m2 |

നഗരസഭയുടെ ഇടപെടലിലൂടെ ഈ കെട്ടിടങ്ങളിൽനിന്നും വസ്തു നികുതി ഈടാക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും കെട്ടിട നിർമ്മാണം ക്രമീകരിയ്ക്കാനാവശ്യമായ നടപടികൾ പൂർത്തിയായിട്ടില്ല. ആയതിനാൽ ഈ കെട്ടിടങ്ങളിൽ അവയുടെ ഉപയോഗക്രമമനുസരിച്ച് ഉണ്ടായിരിക്കേണ്ട സൗകര്യങ്ങൾ ഉണ്ടോ എന്ന് വ്യക്തമല്ല. 2014 ലെ കേരള അനധികൃത കെട്ടിട നിർമ്മാണ ക്രമീകരണ ചട്ടങ്ങളിലെ നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ച് ഈ കെട്ടിടങ്ങളുടെ നിർമ്മാണം ക്രമീകരിയ്ക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല. ചട്ടം പ്രകാരം സ്ഥാപനത്തിന്റെ അപേക്ഷകൾ ചീഫ് ടൗൺ പ്ലാനർ വഴി അംഗീകാരത്തിനായി ഗവൺമെന്റിലേയ്ക്ക് സമർപ്പിച്ച് കോമ്പൗണ്ടിങ്ങ് ഫീസ് വാങ്ങി റെഗുലറൈസ് ചെയ്യാനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടില്ല. 31-03-2013 ന മുൻപ് നിർമ്മിച്ച അനധികൃത കെട്ടിടങ്ങൾ ഈ ചട്ടത്തിലെ വ്യവസ്ഥകൾ

പാലിച്ച് ക്രമീകരിക്കേണ്ടതാണ്.

കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 2011ചട്ടം 54 ഉപചട്ടം 4a പ്രകാരം മൂന്ന് നില കവിയുന്ന വിദ്യാഭ്യാസ, വൈദ്യം/ആശുപത്രി കെട്ടിടങ്ങളുടെ സംഗതിയിൽ ഫയർഫോഴ്സ് ഡയറക്ടറിൽ നിന്നും അല്ലെങ്കിൽ അദ്ദേഹം നിർദ്ദേശിക്കപ്പെടുന്ന ഒരോഫീസറിൽ നിന്നും അംഗീകാര സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. മേൽ കെട്ടിടങ്ങൾ എല്ലാം പ്രസ്തുത സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങൾ സുരക്ഷാ മാനദണ്ഡങ്ങൾക്ക് അനുസൃതമായി അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് പൂർത്തിയാക്കിയിട്ടില്ല.

അപാകതൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-12 ലൈസൻസ്ഡ് ബിൽഡിങ്ങ് സൂപ്പർവൈസർമാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

നഗരസഭാ പരിധിയിൽ തൊഴിലിൽ ഏർപ്പെട്ട് വരുമാനം ആർജിക്കുന്ന ധാരാളം ബിൽഡിങ്ങ് സൂപ്പർവൈസർമാർ ഉണ്ട്. ഇവർ ഒന്നും പഞ്ചായത്തിൽ റജിസ്റ്റർ ചെയ്തിട്ടില്ല. വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ചുമത്താവുന്ന ഈ വ്യക്തികളിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) ശ്രീ . സുമേഷ്.സി., ബിൽഡിങ്ങ് സൂപ്പർ വൈസർ - A (E/2050/08/3301/kkd/99/2011-SA)
2) ശ്രീ. അഹമ്മദ് .പി.എ , ബിൽഡിങ്ങ് സൂപ്പർ വൈസർ -A
(D-03/2006/1781/SA)
3) ശ്രീ. ജസീം.കെ , ബിൽഡിങ്ങ് സൂപ്പർ വൈസർ -A
(E-2050/08/7092/kkd/76/15-EA)
4) ശ്രീ. വിശ്വനാഥൻ, പി.കെ ബിൽഡിങ്ങ് സൂപ്പർ വൈസർ -A
(E-2050/08/2601/kkd/134/2010-SA)
5) ശ്രീ. ഷാജുമോൻ .പി.വി , ബിൽഡിങ്ങ് സൂപ്പർ വൈസർ -A
(E-2050/08/3769/kkd/11/2012/SA)
6) ശ്രീ. ജോണി സെബാസ്റ്റ്യൻ , ബിൽഡിങ്ങ് സൂപ്പർ വൈസർ -A
(E-2050/08/3301/kkd/99/11-SA)

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-13 ലൈസൻസ് അപാകതകൾ

1- മലിനീകരണ നിയന്ത്രണബോർഡിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കിയില്ല

കേരള മുനിസിപ്പാലിറ്റി ലൈസൻസ് ചട്ടങ്ങൾ-ചട്ടം 16 (3) പ്രകാരം മലിനീകരണമുണ്ടാക്കാത്ത ഒരു വ്യവസായമായി സർക്കാരിന്റെ വ്യവസായ വകുപ്പോ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡോ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും 5 എച്ച് പി യിൽ കുറവ് ശേഷിയുള്ളതുമായ യന്ത്രങ്ങൾ സ്ഥാപിക്കുന്ന കാര്യത്തിൽ സെക്രട്ടറിക്ക് അനുവാദം നൽകാവുന്നതാണ്. എന്നാൽ ചുവടെ ചേർത്ത സ്ഥാപനങ്ങൾക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് / വ്യവസായ വകുപ്പ് എന്നിവയിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

| ക്രമ നം | ലൈസൻസ് അപേക്ഷ നം. | അപേക്ഷകന്റെ പേര് | സ്ഥാപനം |
|---|---|---|---|
| 1 | 35 | ജയദേവൻ സി പി | തീപ്പെട്ടി കോൽ നിർമ്മാണം<br>15 HP മോട്ടോർ |
| 2 | 401 | അബ്ദുൾ റഹീം | മെറ്റൽ ഇൻഡസ്ട്രിയൽ 7 HP മോട്ടോർ |
| 3 | 440 | ഷംസുദ്ദീൻ പി പി | ഈർച്ച മിൽ |

| | | | |
|---|---|---|---|
| | | | 36 HP മോട്ടോർ |
| 4 | 441 | ഷംസുദ്ദീൻ പി പി | ഫർണ്ണിച്ചർ നിർമ്മാണം<br>13.5 HP മോട്ടോർ |
| 5 | 442 | ഷംസുദ്ദീൻ പി പി | വിനിയർ നിർമ്മാണം<br>36HP മോട്ടോർ |
| 6 | 556 | രാജേഷ് പി കെ | അരിപ്പൊടി,കറി പൗഡർ നിർമ്മാണം<br>90 HP മോട്ടോർ |
| 7 | 557 | രാജേഷ് പി കെ | നാളികേര ഉത്പന്നങ്ങൾ നിർമ്മിച്ച് വിൽപ്പന<br>50 HP മോട്ടോർ |
| 8 | 594 | ഉനൈസ് മുഹമ്മദ് | വെൽഡിങ്ങ് ഷോപ്പ്<br>7 HP മോട്ടോർ |
| 9 | 790 | സുരേഷ് ബാബു എൻ | ഓയിൽ&ഫ്ലോർ മിൽ<br>115 HP മോട്ടോർ |
| 10 | 893 | മാനേജിംഗ് ഡയറക്ടർ, കയർഫെഡ് | ചകിരി ഉത്പാദനം<br>64.5 HP മോട്ടോർ |
| 11 | 898 | ടി കെ അബ്ദുറഹ്മാൻ | ഫ്ലോർ മിൽ 7.5 HP മോട്ടോർ |

2- ലൈസൻസ് ഫി ഈടാക്കിയതിൽ കുറവ്

2011 ലെ കേരള മുനിസിപ്പാലിറ്റി ലൈസൻസ് ചട്ടങ്ങൾ പട്ടിക -1 ക്രമ നമ്പർ 115 പ്രകാരം മോട്ടോർ വാഹന വിൽപ്പനയ്ക്ക് (ത്രിചക്ര, ഇരു ചക്ര വാഹനങ്ങൾ ഒഴികെ ) ഈടാക്കേണ്ട ലൈസൻസ് ഫീ 1000 രൂപയാണ്. എന്നാൽ ലൈസൻസ് രജിസ്റ്റർ ക്രമ നമ്പർ 340 ആയ അജ്മൽ അബ്ദുൾ വഹാബ് പീവീസ് ഹൗസ്, നിലമ്പൂർ എന്നയാളിൽ നിന്ന് ഈടാക്കിയ തുക 600 രൂപയാണ്. (റസീറ്റ് നമ്പർ -11603101783 തിയ്യതി 22.06.2016 ). 400 രൂപ ഈടാക്കുന്നതിൽ കുറവ് വന്നിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ചട്ടപ്രകാരം ലൈസൻസ് ഫീ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-14 തൊഴിൽ നികുതി അപാകതകൾ

തൊഴിൽനികുതി റിട്ടേൺ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി റിട്ടേൺ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2016-17 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| 1 | സപ്ലൈകോ സൂപ്പർമാർക്കറ്റ് | 2016-17 രണ്ടാം അർദ്ധവർഷം |
| 2 | സപ്ലൈകോ മെഡിക്കൽ ഷോപ്പ് | ടി |
| 3 | കെ ഡി സി ബാങ്ക് മുക്കം | ടി |
| 4 | കയർഫെഡ് | 2016-17 ഒന്ന്,രണ്ട് അർദ്ധവർഷം |
| 5 | ബി എസ് എൻ എൽ മുക്കം | ടി |
| 6 | അത്താണി പെട്രോൾ പമ്പ് | 2016-17 ഒന്നാം അർദ്ധവർഷം |

2. സി.ബി.എസ്.ഇ. സ്കൂളുകളിൽ നിന്ന് കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കുന്നു.

സി.ബി.എസ്.ഇ. അഫിലിയേഷനോടു കൂടി മുനിസിപ്പാലിറ്റി പരിധിക്കുള്ളിൽ പ്രവർത്തിച്ചിരുന്ന സ്കൂളുകളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. 1988ലെ സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യുക്കേഷന്റെ (സി.ബി.എസ്.ഇ) അഫിലിയേഷൻ വ്യവസ്ഥകൾ പ്രകാരം ഇന്ത്യയിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകളിലെ ജീവനക്കാർക്ക് അതേ തസ്തികയിൽ ജോലി ചെയ്യുന്ന സംസ്ഥാന സർക്കാർ സ്കൂളുകളിലെ ജീവനക്കാർക്ക് നൽകുന്ന ശമ്പള സ്കെയിലിലെ വേതനവും, ആനുകൂല്യങ്ങളും നൽകണമെന്നാണ് നിർദ്ദേശമുള്ളത് [അഫിലിയേഷൻ ബൈലോയിലെ ഖണ്ഡിക 3(v)കാണുക]. എന്നാൽ മുനിസിപ്പാലിറ്റി പരിധിക്കുള്ളിൽ പ്രവർത്തിച്ചിരുന്ന താഴെ പറയുന്ന സ്കൂളുകളിലെ മേധാവികൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ വേതന വിവരങ്ങൾ പരിശോധിച്ചതിൽ ജീവനക്കാർക്ക് സംസ്ഥാന സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സ്കൂളിന്റെ പേര് | ജീവനക്കാരുടെ എണ്ണം | റിട്ടേൺ പ്രകാരമുള്ള ശമ്പളം | നൽകേണ്ട ശമ്പള നിരക്ക് |
|---|---|---|---|
| വിവേകാനന്ദ വിദ്യാനികേതൻ മുത്താലം | 15 | 11001-8121 | 17000- 87000 |
| അൽ ഇർഷാദ് പ്രൈമറി സ്കൂൾ | 7 | 2806-9020 | 17000-87000 |
| ഐഡിയൽ കോളേജ് & പബ്ലിക് സ്കൂൾ | 5 | 2750-3250 | 17000-87000 |

സ്കൂൾ മേധാവികൾ സമർപ്പിക്കുന്ന റിട്ടേണുകളിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുന്നുണ്ടോ എന്നും, രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണോ എന്നും തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തിയിട്ടുമില്ല. ബൈലാ ഖണ്ഡിക 13(3) പ്രകാരം ഏതൊരു സംസ്ഥാന/കേന്ദ്ര/ലോക്കൽ അതോറിറ്റി ആവശ്യപ്പെടുന്ന വിവരങ്ങളും സമയപരിധിക്കുള്ളിൽ നൽകാൻ സ്കൂൾ അധികാരികൾ ബാധ്യസ്ഥരാണ്.

3. സ്വകാര്യ കോളേജ് അധികാരികൾ സമർപ്പിക്കുന്ന റിട്ടേണുകളിൽ മിനിമം വേതനം രേഖപ്പെടുത്തുന്നില്ല

താഴെ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി റിട്ടേണുകളിൽ സർക്കാർ നിർദ്ദേശിച്ച മിനിമം വേതനം രേഖപ്പെടുത്തുന്നില്ല. സ്ഥാപനങ്ങളുടെ പേരും മിനിമം വേതനം നിശ്ചയിച്ച മാനദണ്ഡങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനം | മിനിമം വേതനം നിശ്ചയിച്ച ഉത്തരവ് നമ്പരും തീയതിയും |
|---|---|---|
| 1 | വയലിൽ കുഞ്ഞാലി ഹാജി മെമ്മോറിയൽ ഓർഫനേജ് കോളേജ് | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച എ.ഐ.സി.ടി.ഇ മാനദണ്ഡങ്ങൾ, യു.ജി.സി മാർഗ്ഗരേഖ |
| 2 | ഡോൺ ബോസ്കോ കോളേജ് | |

4. കള്ള് ഷാപ്പ്

ജി ഒ (ആർ ടി ) 586/2010/ തൊഴിൽ 30.3.2010 പ്രകാരം, കള്ളു ഷാപ്പുമായി ബന്ധപ്പെട്ട ഓരോ ഗണത്തിൽ പെട്ട തൊഴിലാളികൾക്കും നൽകേണ്ട മിനിമം കൂലി എത്രയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അതനുസരിച്ചുള്ള കൂലി നൽകുകയായിരുന്നെങ്കിൽ തൊഴിൽനികുതി അടവാക്കേണ്ടതാണ്. മുനിസിപ്പാലിറ്റിയിലെ കള്ള് ഷാപ്പുകൾ തൊഴിൽനികുതി അടവാക്കിയതായി കാണുന്നില്ല.

മേൽ സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരം തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-15 വിദഗ്ധ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, വൈദ്യന്മാർ, പാരാമെഡിക്കൽ വിദഗ്ധർ മറ്റു സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ എന്നിവരിൽ നിന്നും ചട്ടപ്രകാരം ഈടാക്കേണ്ട തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ആളിന്റെ / സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | Dr. ബർഷാദ് എ എണ്ണത്താറ്റിൽ | ഡോക്ടർ -ഡെന്റിസ്റ്റ് |
| 2 | Dr. ട്രീസ തോമസ് | ഡോക്ടർ-ഹോമിയോ |
| 3 | അമല മെഡിക്കൽ ലബോറട്ടറി | മെഡിക്കൽ ലാബ് |
| 4 | യു. മുരളീധരൻ ഉച്ചക്കാവിൽ | മെഡിക്കൽ ലാബ് |
| 5 | സുഫൈജ സി വി നെടുങ്കണ്ടത്തിൽ | മെഡിക്കൽ ലാബ് |
| 6 | ഇ. മോഹനൻ ഉരുൾകുന്നമ്മൽ | മെഡിക്കൽ ലാബ് |
| 7 | Dr. സി വി ബാലകൃഷ്ണൻ ബാലകൃഷ്ണ ഫാർമസി | ആയുർവ്വേദ ഡോക്ടർ |
| 8 | Dr. സജീഷ് ജോസഫ് കിഴക്കരകാട്ട് | ഡോക്ടർ -ഡെന്റിസ്റ്റ് |
| 9 | ഭാനുമതി വി ടി കരുണ മെഡിക്കൽ ലബോറട്ടറി | മെഡിക്കൽ ലാബ് |
| 10 | അലി പി കെ ഗ്രീൻ മെഡി ലാബ് | മെഡിക്കൽ ലാബ് |

മേൽ സ്ഥാപനങ്ങളിൽ / വ്യക്തികളിൽ നിന്നും ചട്ടപ്രകാരം തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-16 ലേല നടത്തിപ്പിലെ അപാകതകൾ

മുനിസിപ്പാലിറ്റി 2016-17 വർഷം നടത്തിയ വിവിധ ലേലത്തിൽ ലേല വ്യവസ്ഥകൾ പാലിച്ചില്ല.

പഴയ ബസ്സ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ലേലം കൊണ്ട അബ്ദുൾ ത്വാഹ, ചെറുതൊടി, കുമാരനല്ലൂർ, ലേലത്തിൻെ മൂന്നിലൊന്നു തുക അപ്പോൾ തന്നെയടച്ചിട്ടുണ്ടെങ്കിലും ബാക്കിയുള്ള തുക മൂന്നു ഗഡുക്കളായി അടയ്ക്കേണ്ടിയിരുന്നത് യഥാസമയം അടച്ചിട്ടില്ല. എഗ്രിമെൻറു പ്രകാരം 18%പലിശ അടക്കേണ്ടത് അടച്ചതായും കാണുന്നില്ല. 3,52,000/-രൂപ ലേലത്തുകയെങ്കിലും, 3,42,100/- രൂപയെ അടച്ചിട്ടുള്ളൂ. 2% ഇൻകം ടാക്സിനത്തിൽ അടയ്ക്കേണ്ട 7040/-രൂപ അവസാന ഗഡുവിന്റെ കൂടെ തനതുഫണ്ടിലാണ അടച്ചിട്ടുള്ളത്. അവസാന ഗഡുവായ 9900/- രൂപ ഒടുക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഇൻകം ടാക്സിനത്തിൽ പിരിച്ച തുക ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. സേവന നികുതി ഒടുക്കിയിട്ടില്ല. ബസ് സ്റ്റാന്റ് ഫീ, പുതിയ ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ, മേലാദായം എന്നിവയുടെ ലേലത്തുക മുഴുവൻ അടച്ചിട്ടുണ്ടെങ്കിലും ലേല നിബന്ധനാ കാലയളവിൽ ഒടുക്കാതിരുന്നതിന് പിഴപ്പലിശ ഈടാക്കിയിട്ടില്ല. മേലപാകതകളുടെ കാരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല.

## 2-17 വസ്തുനികുതി- നഗരസഭയുടെ നിരക്കിനനുസൃതമായി പരിഷ്കരിച്ചില്ല.

20.7.2015 ലെ വിജ്ഞാപനത്തെഇടർന്ന് മുക്കം ഗ്രാമപഞ്ചായത്ത് 2015 നവംബർ മുതൽ നഗരസഭയായിട്ടുണ്ട്. എന്നാൽ വസ്തുനികുതിയുടെ കാര്യത്തിൽ എല്ലാ കെട്ടിടങ്ങളുടെയും നികുതി, കേരള മുനിസിപ്പാലിറ്റി ആക്ടിൽ നിഷ്കർഷിക്കും വിധം നഗരസഭയ്ക്ക് ബാധകമായ നിരക്കിലേക്ക് മാറ്റം വരുത്തിയിട്ടില്ല. എന്നാൽ 14.1.2011 ന്റ മുമ്പുള്ള കെട്ടിടങ്ങളുടെ നികുതി വർദ്ധിപ്പിക്കുന്ന കാര്യത്തിൽ നാളിതുവരെ യാതൊരു തീരുമാനവും കൈക്കൊണ്ടിട്ടില്ല. ഗ്രാമപഞ്ചായത്തുകളിൽ വസ്തുനികുതി പരിഷ്കരിച്ചുകൊണ്ടുള്ള പി.19/2011 ത.സ്വ.ഭ.വ തി.14.1.2011 നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് 1.4.2011 മുതൽ പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തുകളിൽ പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ നികുതി നിശ്ചയിച്ച് തുടങ്ങിയത്. (ഇതിനു ശേഷം മറ്റ് ഭേദഗതികൾ വരുത്തികൊണ്ട് നിരവധി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.)

മേൽ തിയ്യതിയ്ക്ക് മുമ്പ് കെട്ടിടങ്ങളുടെ വാർഷിക വാടക മൂല്യം (Annual rental value) കണക്കാക്കി, അതിൽ നിന്നും മെയിന്റയിനൻസിനും മറ്റുമുള്ള 10% തുക കിഴിവ് വരുത്തിയ തുകയുടെ നിശ്ചിത ശതമാനമാണ് നികുതിയായി കണക്കാക്കിയിരുന്നത്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ പ്രകാരം ഇപ്രകാരം കിഴിവ് വരുത്തിയ തുകയുടെ കുറഞ്ഞത് 6 ശതമാനമോ പരമാവധി 15 ശതമാനമോ നിരക്കിലുള്ള നികുതി ഗ്രാമപഞ്ചായത്തുകൾക്ക് അപ്രകാരമുള്ള പഞ്ചായത്ത് ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുമത്താവുന്നതാണ്. മുക്കം ഗ്രാമപഞ്ചായത്തിൽ മേൽ നിരക്ക് 8 % ആയിരുന്നെന്ന് മുൻകാല അസസ്സ്മെന്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ നഗരസഭകളുടെ

കാര്യത്തിൽ പ്ലിന്ത് ഏരിയ അടിസ്ഥാനപ്പെടുത്തിയുള്ള നികുതി, മുനിസിപ്പാലിറ്റി ആക്ട് പ്രകാരം 7.10.2009 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. എന്നാൽ നിരക്ക് നിശ്ചയിച്ചുക്കൊണ്ടുള്ള സർക്കാർ ഉത്തരവ് പി18/2011 ത.സ്വ.ഭ.വ നമ്പറായി 14.1.2011 ആണ് പുറപ്പെടുവിച്ചിട്ടുള്ളത്. മേൽ തിയ്യതിക്കു മുമ്പ് നഗരസഭകളും വാർഷിക വാടക മൂല്യം അടിസ്ഥാനപ്പെടുത്തിയാണ് നികുതി നിശ്ചയിച്ചിരുന്നത്. 1994 ലെ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 233 (3) പ്രകാരം (2009 ലെ ആക്ട് 30 പ്രകാരമുള്ള ഭേദഗതി വരുന്നതിനു മുമ്പ്) വാർഷിക വാടക മൂല്യത്തിൽ നിന്നും 10% വരെയുള്ള കിഴിവ് വരുത്തിയ തുകയുടെ കുറഞ്ഞത് 9ശതമാനമോ പരമാവധി 25 ശതമാനമോ നിരക്കിലുള്ള നികുതി നഗരസഭകൾക്ക് അപ്രകാരമുള്ള കൗൺസിലിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുമത്താവുന്നതാണ്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ മുക്കം ഗ്രാമപഞ്ചായത്ത് ആയിരിക്കുമ്പോൾ 31.3.2011 വരെ നികുതി ചുമത്തിയ കെട്ടിടങ്ങളുടെ നികുതി വാർഷിക വാടക മൂല്യത്തിന്റെ (10% കിഴിവുകൾക്ക് ശേഷമുള്ള ) 8% ആണെന്നും, 1.11.2015 തിയ്യതി പ്രാബല്യത്തിൽ സ്ഥാപനം നഗരസഭ ആയതിനാൽ മേൽ നിരക്ക് 9% നും 25%നും ഇടയിലുള്ള നിരക്കിലേതെങ്കിലും ഒന്നായി നിജപ്പെടുത്തിക്കൊണ്ട് മുനിസിപ്പൽ കൗൺസിൽ തീരുമാനം കൈക്കൊള്ളണമെന്നും ആയതനുസരിച്ച് 31.3.2011 വരെ നികുതി ചുമത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കേണ്ടതുണ്ടെന്നും കാണാവുന്നതാണ്. ഗ്രാമപഞ്ചായത്ത് ആയിരുന്ന കാലയളവിലെ മുഴുവൻ കെട്ടിടങ്ങൾക്കും വാർഷിക വാടകമൂല്യത്തെ അടിസ്ഥാനമാക്കി മുനിസിപ്പൽ നിരക്കിലേയ്ക്ക് നിശ്ചയിച്ച് ആയതിനു ശേഷമാണ് വസ്തുനികുതി പരിഷ്കരിക്കേണ്ടത്.

ഇപ്രകാരം നികുതി പുനർ നിർണ്ണയിക്കാതിരുന്നാൽ പ്രതിവർഷം വൻതുകയുടെ നികുതിചോർച്ച സ്ഥാപനത്തിന് സംഭവിക്കുന്നതാണ്. 31.3.2011 വരെ നികുതി ചുമത്തിയ കെട്ടിടങ്ങളുടെ കാര്യത്തിൽ 2000 ച.മീ കൂടുതൽ വിസ്തീർണ്ണമുള്ളവയ്ക്ക് പരമാവധി 25% വരെ നികുതി വർദ്ധനവ് വരുമെന്നതിനാൽ യഥാർത്ഥ നഷ്ടം മേല്പറഞ്ഞതിനേക്കാൾ കൂടുമെന്ന് കാണാവുന്നതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ടാറിനു മാർക്കറ്റ് നിരക്കിനേക്കാൾ കൂടുതൽ തുക അനുവദിച്ചു.

2015-16 വർഷം റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് ആണു ബാധകമാക്കിയത്. ഫയൽ പരിശോധിച്ചതിൽ ബിറ്റുമിന്റെ വില ഷെഡ്യൂൾ നിരക്കിനേക്കാൾ കുറവായതിനാൽ പ്രവൃത്തികൾക്ക് അധികനിരക്ക് അനുവദിച്ചതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

ഡിഎസ്ആർ കോഡ് 16.30.1 പ്രകാരം റോഡിന്റെ ഉപരിതലത്തിൽ VG-10 ബിറ്റുമിൻ ടാക്ക് കോട്ട് ചെയ്യുന്ന പ്രവൃത്തിക്ക് ബിറ്റുമിന്റെ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് നല്കിയിട്ടുണ്ട്. കൂടാതെ DSR കോഡ്16.30.1 ൽVG-10 ബിറ്റുമിന് പകരംVG-30ബിറ്റുമിൻ ഉപയോഗിച്ച് ഒബ്സർവ്ഡ് ഡാറ്റയിലും നിരക്ക് തയ്യാറാക്കിയിട്ടുണ്ട്. മാർക്കറ്റ് നിരക്കിലും ഉയർന്ന നിരക്കിൽ ബിറ്റുമിൻ വില കണക്കാക്കിയത് കൂടാതെ കോസ്റ്റ് ഇൻഡക്സും-(1.381) കൂട്ടിയതായി കാണുന്നു. മാർക്കറ്റിൽ നിലവിലുള്ള വിലയും ഷെഡ്യൂൾ നിരക്കും തമ്മിലുള്ള അന്തരം നികത്താനാണ് കോസ്റ്റ് ഇൻഡക്സും കൂട്ടുന്നത്. ഇവിടെ മാർക്കറ്റ് നിരക്കിലും ഉയർന്ന നിരക്കാണ് ഡിഎസ്ആർ നിരക്കെന്നതിനാൽ കോസ്റ്റ് ഇൻഡക്സും കൂട്ടുക വഴി കൺവീനർക്ക് അധികതുകയാണ് നല്കിയത്. കൺവീനർക്ക് VG-30 ബിറ്റുമിൻ ഉപയോഗിച്ച് ചെയ്ത ടാക്ക് കോട്ട് പ്രവൃത്തിക്ക് നല്കാവുന്ന നിരക്ക്- 39.45/-രൂപയാണ്. അതുപോലെ DSR16.32.2 കോഡ് പ്രകാരം റോഡിന്റെ ഉപരിതലത്തിൽ ബിറ്റുമിൻ ചിപ്പിംഗ് കാർപ്പറ്റ് ചെയ്യുന്ന പ്രവൃത്തികൾക്ക് കോസ്റ്റ് ഇൻഡക്സ് കൂട്ടയതു കാരണം അധികം തുക നല്കിയട്ടുണ്ട്. മേല്പറഞ്ഞ പ്രവൃത്തിയ്ക്ക് കൺവീനർക്ക് നല്കാവുന്ന ബിറ്റുമിന്റെ നിരക്ക് 134.13. ആണ്. DSR code 16.41 പ്രകാരം ബിറ്റുമിൻ ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട് ചെയ്യുന്ന പ്രവർത്തിയ്ക്കും കോസ്റ്റ് ഇൻഡക്സ് കൂട്ടി അധികതുകയാണ് നല്കിയിട്ടുള്ളത്. മേൽപ്രവൃത്തിയ്ക്ക് കൺവീനർക്ക് നല്കാവുന്ന VG-30 ബിറ്റുമിന്റെ വില 77.78/-രൂപയാണ്.

| ക്രമ നം | പ്രവർത്തിയുടെ വിവരം | ബിറ്റുമിൻഉപയോഗിച്ച് ചെയ്ത ഇനവും ഡിഎസ് ആർ പ്രകാരം | നൽകേണ്ട നിരക്ക് | അധികം നൽകിയത് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | നല്കിയ തുകയും | | |
| 1 | മുതുകുറ്റി മലയിമ്മേൽ റോഡ് സോളിംഗ്,ടാറിംഗ്.പ്രോജക്റ്റ് നം-എസ്0171/15 എം.ബുക്ക്നം-355/14-15. ചെലവ്-2,72,759/- (ബിൽ നം-150,000/-93 /15-16,122,759/-ചെക്ക് നം-191779/31.12.16) എഗ്രിമെന്റ് നം-112/15-16 /21.1.16 | 1)VG-30 ഉപയോഗിച്ച്ടാക്ക് കോട്ട്- 300m2ന്54.49/-രൂപ നിരക്കിൽ16347/-രൂപ<br>2)പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റിന്3 00 m2 ന്185.23/-രൂപ നിരക്കിൽ 55569/-രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽട്ട് 300m2 ന് 107.4/-രൂപ നിരക്കിൽ32220/-<br>ആകെ- 104136 | VG-30 ഉപയോഗിച്ച് ടാക്ക് കോട്ട്- 300m2 ന്39.45/- രൂപ നിരക്കിൽ 11835/-<br>2)പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റിന് 300m2ന്134.13രൂപ നിരക്കിൽ 40239/- രൂപ<br>3) ചിപ്പിംഗ് കാർപ്പെറ്റിന് മേൽ സീൽകോട്ട്300m2 ന്77.78/-രൂപനിരക്കിൽ 23334/-രൂപ,ആകെ- | |
| | | 104139/- | 75408/- | 28731/- |
| 2 | 1ഭജനമഠം റോഡ്,പ്രോജക്റ്റ് നം-എസ്സ341/17,എം ബുക്ക്നം-33/15-16, ചെലവ്-108000/-,മെയി.ഗ്രാന്റ്,ബിൽ നം-113/ae/lsgd/mkm,3487/- ചെക്ക് നം-191779/31.12.16) എഗ്രിമെന്റ് നം-136/15-16 തീയതി-18/2/2016 | 1)VG-30 ഉപയോഗിച്ച് ടാക്ക് കോട്ട്- 165m2ന്54.49/-രൂപ നിരക്കിൽ8990.85/-രൂപ<br>2)പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റിന്165 m2 ന്185.23/- രൂപ നിരക്കിൽ30562/-രൂപ<br>3) ചിപ്പിംഗ് കാർപ്പറ്റിന് മേൽസീൽ കോട്ട് 165m2 ന് 107.41/-രൂപ നിരക്കിൽ17722.65/--<br>ആകെ- 57273.94/- | 1)VG-30 ഉപയോഗിച്ച്ടാക്ക് കോട്ട്- 165m2ന്39.45/-രൂപ നിരക്കിൽ6509.25/-രൂപ<br>2)പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റിന്165 m2 ന്134.13/-രൂപ നിരക്കിൽ22131.45/-രൂപ<br>3) ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട് 165m2 ന് 77.78/-രൂപ നിരക്കിൽ 12833.70/--<br>ആകെ- | |
| | | 57273.94/- | 41474.4/- | 15799.54 |
| 3 | പുതുക്കം പുറം കോളനി-എരുവട്ടൂർ കോളനി.പ്രോജക്റ്റ് നം-എസ്സ261/17 എം ബുക്ക് നം-33/14-15,ചെലവ്-200000/- ചെക്ക് നം-191779/31.12.16 എഗ്രിമെന്റ് നം-338/14-15 | 1)VG-30 ഉപയോഗിച്ച് ടാക്ക് കോട്ട്- 120m2ന്54.49/-രൂപ നിരക്കിൽ6637.60/-രൂപ<br>2)പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റിന്120m2 ന് 185.23/-രൂപനിരക്കിൽ 22227.60/-രൂപ | 1 )VG-30 ഉപയോഗിച്ച്ടാക്ക് കോട്ട്-120m2ന്39.45<br>/-രൂപ നിരക്കിൽ4734/--രൂപ<br>2)പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റിന് 120m2 ന്134.13/-രൂപനിരക്കിൽ | |

| | | | | |
|---|---|---|---|---|
| | | 3) ചിപ്പിംഗ് കാർപ്പറ്റിന് മേൽസീൽ കോട്ട് 120m2 ന് 107.41/-രൂപ നിരക്കിൽ 12889.20/- രൂപ | 16095.60/-രൂപ<br>3) ചിപ്പിംഗ് കാർപ്പറ്റിന് മേൽസീൽ കോട്ട് 120m2 ന് 77.78/-രൂപ നിരക്കിൽ19333.6/- രൂപ | |
| | | 41754.40 | 30163.20 | 11591.20 |
| 4 | ചോലക്കുന്ന്ക്കളിപ്പാറ റോഡ് ടാറിംഗ്,പ്രോജക്റ്റ് നംഎസ്0/342/17 ,എഗ്രിമെന്റ് നം-148/15-16 /29.2.16,എം,ബുക്ക് നം-52/15-16,75/15-16 അടങ്കൽ-350000/-1,31879/-WB,2,18,121/-OF)<br>ചെലവ്-131879/-ബിൽ നം-133/AE/lsgd/mkm/31.3.16, 19379/-,198742/-OWN FUND ചെക്ക് നം-191779/31.12.16.,193048 /13,1,17, | 1 )VG-30 ഉപയോഗിച്ച് ടാക്ക് കോട്ട്-269.90 m2ന് 54.48/-രൂപ നിരക്കിൽ14704.15/-രൂപ<br>2)പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റിന് 269,90m2 ന്185.23/-രൂപനിരക്കിൽ<br>49993.58/-രൂപ<br>3) ചിപ്പിംഗ് കാർപ്പറ്റിന് മേൽസീൽ കോട്ട് 269.90m2 ന് 107.41/-രൂപ നിരക്കിൽ 28989.96/- രൂപ | 1 )VG-30 ഉപയോഗിച്ച്ടാക്ക് കോട്ട്-269.90m2ന് 39.45/-രൂപ നിരക്കിൽ10647.55/-രൂപ<br>2)പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റിന് 269.90m2 ന്134.13/-രൂപനിരക്കിൽ 36201.68/-രൂപ<br>3) ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽ കോട്ട് 269.90m2 ന് 77.78/-രൂപ നിരക്കിൽ 20992.82/- രൂപ | |
| | | 93687.69 | 67842.05 | 25845.64 |

അപാകതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മാർക്കറ്റ് നിരക്കിനേക്കാൾ അധിക നിരക്ക നല്കിയ 81967/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രഥമമറുപടിയ്ക്കനുസൃതമായി ഇക്കാര്യത്തിൽ ബാധ്യത ചുമത്തുന്നതാണ്.

## 3-2 എസ്.സി. വിഭാഗം പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ്- പദ്ധതി നടത്തിപ്പിലെ അപാകതകൾ.

പ്രൊജക്റ്റ് നമ്പർ - 379/17

നിർവ്വഹണ ഉദ്യോഗസ്ഥ - പ്രിൻസിപ്പാൾ, ഹയർ സെക്കന്ററി സ്കൂൾ

ചെലവ് - 449820 (വികസന ഫണ്ട് ,എസ്.സി.പി)

ബിൽ നമ്പർ- 14/16-17/31-03-17

നഗരസഭയിലെ വിവിധ ഡിവിഷനുകളിലെ പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന എസ്.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്പടോപ്പ് നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ടെണ്ടർ പ്രകാരം തെരഞ്ഞെടുത്ത ബിസ്സയർ പവർ സൊല്യൂഷൻ എന്ന സ്ഥാപനത്തിന് 18 കമ്പ്യൂട്ടറുകളുടെ വിലയായി 449820/-രൂപ നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാങ്ങിയ കമ്പ്യൂട്ടറുകൾ വിതരണം ചെയ്തില്ല.

449420 രൂപ ചെലവഴിച്ച് വാങ്ങിയിട്ടുള്ള 18 കമ്പ്യൂട്ടറുകൾ(23800X18) നീലേശ്വരം ഹയർസെക്കന്ററി സ്കൂളിൽ മേൽ സ്ഥാപനം എത്തിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി കമ്പ്യൂട്ടറുകൾ സ്റ്റോക്കിൽ എടുത്ത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടില്ല.

2) ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

ജി.ഒ.(എം.എസ്)/4/2016/ത.സ്വ.ഭ.വ/11.1.16 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6-8 നിർദ്ദേശിക്കുന്ന പ്രകാരം ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (5/16-17/31-05-17) മറുപടി ലഭ്യമാക്കിയിട്ടില്ല. 449820 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-3 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ഭരണ നിർവ്വഹണ ചെലവുകൾക്ക് പദ്ധതി രൂപീകരിച്ച് നടപ്പിലാക്കി

പ്രൊജക്ട് നം- - 423/17 (കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണ ചെലവുകൾ)

ചെലവ് - 1,96,746 [ബിൽ നം52/16-17, 31.03.2017)

സംരക്ഷണ ഗ്രാന്റ് റോഡിതരം

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

മുക്കം നഗരസഭയിൽ 2016-17 വർഷത്തിൽ കൈമാറികിട്ടിയ സ്ഥാപനങ്ങളിലെ വൈദ്യുതി ചാർജ്ജ് ,ടെലഫോൺ തുടങ്ങിയ ദൈനംദിന ഭരണ ചെലവുകൾക്ക് 3,68,500 രൂപ വകയിരുത്തി താഴെ കാണിച്ച പ്രകാരം 1,96,746 രൂപ ചെലഴിച്ചാണ് മേൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

| ഇനം | ചെലവ് തുക |
|---|---|
| ഐ.സി.ഡി. എസ് ഓഫീസിലെ വൈദ്യുതി ചാർജ്ജ് | 3838 |
| വെറ്ററിനറി ഓഫീസിലെ വൈദ്യുതി ചാർജ്ജ് | 3510 |
| മണാശ്ശേരി യു.പി.സ്കൂളിലെ ചാർജ്ജ് | 3257 |
| ഹോമിയോ ആശുപത്രിയിലെ ടെലഫോൺ ചാർജ്ജ് | 1630 |
| ഹോമിയോ ആശുപത്രിയിലെ കുക്കർ | 4300 |
| ചേന്നമംഗല്ലൂർ ഗവ .യു.പി.സ്കൂളിലെ വൈദ്യുതി ചാർജ്ജ് | 16890 |
| ഹോമിയോ ആശുപത്രിയിലെ വൈദ്യുതി ചാർജ്ജ് | 1296 |
| ഗവ .യു.പി.സ്കൂളിലെ വൈദ്യുതി ചാർജ്ജ് | 9349 |
| മണാശ്ശേരി യു.പി.സ്കൂളിലെ വൈതൃതി ചാർജ്ജ് | 2846 |
| സി.എച്ച്.സി. മുക്കം വൈദ്യുതി ചാർജ്ജ് | 135481 |
| ഗവ .എം.എൽ.പി.സ്കൂൾ താഴെക്കാട് വൈദ്യുതി ചാർജ്ജ് | 9651 |
| ജി.എൽ.പി.സ്കൂൾ മുത്തേരി | 4698 |
| ആകെ | 196746 |

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ ചെലവ്

11.01.2016 ലെ (എം.എസ്) നമ്പർ.4/2016/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവ് (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ) ഖണ്ഡിക. 4 പ്രകാരം പ്രകാരം അനിവാര്യ /പൊതു ചുമതലകൾ നിറവേറ്റുന്നതിന് വേണ്ടി വരുന്ന ആവർത്തന സ്വഭാവമുള്ള ചെലവുകൾ, വികസനേതര ചെലവുകൾ, കണ്ടിജന്റ് ചെലവുകൾ മുതലായവ പദ്ധതിയുടെ ഭാഗമാക്കേണ്ടതില്ല. കൂടാതെ ഖണ്ഡിക 7 പ്രകാരം കേരള മുൻസിപ്പാലിറ്റി നിയമത്തിലേയും ബന്ധപ്പെട്ട ചട്ടങ്ങളിലേയും വ്യവസ്ഥകൾ അനുസരിച്ച് ചെലവഴിക്കേണ്ടതായ വികസനേതര ചെലവുകൾ, (വൈദ്യുതി ചാർജ്ജ്, ടെലിഫോൺ ചാർജ്ജ് തുടങ്ങിയവക്കുള്ള തുക അടയ്ക്കൽ) അടിയന്തിര പ്രവൃത്തികൾ തുടങ്ങിയവക്കും മറ്റും വേണ്ടി വരുന്ന ചെലവുകൾ എന്നിവക്ക് ആവശ്യമായ തുക ബജറ്റിൽ മാറ്റിവെക്കണം. പ്രസ്തുത ചെലവുകൾക്ക് പ്രത്യേക പദ്ധതി രൂപീകരിക്കേണ്ടതില്ല. എന്നാൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ

സംരക്ഷണപ്രവൃത്തികൾക്കായി സർക്കാർ അനുവദിച്ച സംരക്ഷണഗ്രാന്റ് (റോഡിതരം) സ്ഥാപനത്തിന്റെ വൈദ്യുതി ചാർജ്ജ്, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി വിനിയോഗിച്ചു.

2. പിൻവലിച്ച തുക ഘടക സ്ഥാപനങ്ങളിലേയേക്ക് കൈമാറിയില്ല.

പിൻവലിച്ച തുക മേൽക്കാണിച്ച പ്രകാരം ഘടകസ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കേണ്ടതാണ്. എന്നാൽ ഈ തുക ട്രഷറിയിൽനിന്ന് സെക്രട്ടറിയുടെ പേരിലുള്ള SBI -34435186704 എന്ന അക്കൗണ്ടിലേക്ക് ആണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (4/16-17/31-05-17) മറുപടി ലഭ്യമാക്കിയിട്ടില്ല. 196746 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-4 പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയ സാധനങ്ങൾ വിതരണം ചെയ്തില്ല.

ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ നിർവ്വഹണ ഉദ്യോഗ സ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളിൽ വാങ്ങിയ സാധനങ്ങൾ വിതരണം ചെയ്തിട്ടില്ലാത്തതിനാൽ പദ്ധതികൾ ലക്ഷ്യം കൈവരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രൊജക്ട് | ചെലവ് തുക | ബിൽ നമ്പർ തിയ്യതി | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 177/17 കായിക വിദ്യാഭ്യാസം മെച്ച പ്പെടുത്തൽ | 110402 | 51752-12/16-17<br>31-03-17<br>58650-41/16-17<br>25-03-17 | 5 ഹൈസ്കൂളുകൾക്കും 5 ഹയർ സെക്കന്ററി സ്കൂളുകൾക്കും വാങ്ങിയിട്ടുള്ള സ്പോർട്സ് ഉപകരണങ്ങളും ഫസ്റ്റ് എയിഡ് കിറ്റുകളും വിതരണം ചെയ്തില്ല. |
| 2 | 174/17 ഡിജിറ്റലൈസ്ഡ് ക്ലാസ്സ് റൂം | 471640 | 85400-8/16-17 31-03-17<br>186240-5/16-17<br>25-03-17<br>200000-15/16-17<br>31-03-17 | 85400 രൂപയ്ക്ക് വാങ്ങിയ 2 പ്രൊ ജക്ടറുകളിൻ ഒന്ന് വിതരണം ചെയ്തിട്ടില്ല.<br>186240രൂപയ്ക്ക് വാങ്ങിയ 6 ലാപ്പ്ടോപ്പ് പ്രിന്റർ എന്നിവ യിൽ രണ്ടെണ്ണം മാത്രമാണ് വിതരണം ചെയ്തത്<br>200000 രൂപയ്ക്ക് വിവിധ ലൈ ബ്രറികളിൽ നൽകാൻ വാങ്ങിയ പുസ്തകങ്ങൾ വിതരണം ചെയ്തിട്ടില്ല. ഏത് സ്ഥാപന ങ്ങൾക്കാണ് പുസ്തകങ്ങൾ വാങ്ങിയതെന്ന് വ്യക്തമല്ല. |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (8/16-17/31-05-17) മറുപടി ലഭ്യമാക്കിയിട്ടില്ല. 582042 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-5 അതുല്യം പദ്ധതിയിലുൾപ്പെടുത്തി പഞ്ചായത്തിന്റേതല്ലാത്ത ലൈബ്രറികൾക്ക് പുസ്തകം വാങ്ങി

പ്രൊജക്റ്റ് നമ്പർ – 175/17

നിർവ്വഹണ ഉദ്യോഗസ്ഥ - പ്രിൻസിപ്പാൾ, ഹയർ സെക്കന്ററി സ്കൂൾ

ചെലവ് – 82690 (വികസന ഫണ്ട്)

ബിൽ നമ്പർ – 42690-6/16-17/25-03-17 40000-16/16-17/03-03-17

ഈ പദ്ധതിയിൽ 42690/-രൂപ ചെലവഴിച്ച് ഉടർ വിദ്യാകേന്ദ്രത്തിലേയ്ക്ക് കമ്പ്യൂട്ടറും പ്രിന്ററും, 40000/- രൂപ ചെലവഴിച്ച് നടുകിൽ വായന ശാല, മണാശ്ശേരി ഗ്രന്ഥാലയം, പ്രതിഭാ മുക്കം എന്നീ ലൈബ്രറികൾക്കായി പുസ്തകങ്ങൾ വാങ്ങുന്നതിനുമാണ് ചെലവഴിച്ചിട്ടുള്ളത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിശദീകരണങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1) അതുല്യം തുടർവിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തി ലൈബ്രറികൾക്ക് പുസ്തകം വാങ്ങിയത് പദ്ധതി ലക്ഷ്യത്തിന് വിരുദ്ധമാണ്.

2) വാങ്ങിയിട്ടുള്ള കമ്പ്യൂട്ടർ, പ്രിന്റർ എന്നിവയൊന്നും പ്രസ്തുത സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടില്ല.

3) മേൽ സ്ഥാപനങ്ങളിൽ നഗരസഭയുടെ ചുമതലയിൽ വരുന്ന സ്ഥാപനങ്ങളെതെല്ലാമെന്ന് വ്യക്തമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (13/16-17/31-05-17) മറുപടി ലഭ്യമാക്കിയിട്ടില്ല. 82690/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-6 ലൈബ്രറി നവീകരണം പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നമ്പർ - 176/17

നിർവ്വഹണ ഉദ്യോഗസ്ഥ - പ്രിൻസിപ്പാൾ, ഹയർ സെക്കന്ററി സ്കൂൾ

ചെലവ് - 79834 (വികസന ഫണ്ട്)

ബിൽ നമ്പർ- 42690-7/16-17/25-03-17

4344 -10/16-17/25-03-17

ഈ പദ്ധതിയിൽ പ്രതിഭാലയം മുക്കം എന്ന ലൈബ്രറിയ്ക്ക് കമ്പ്യൂട്ടർ, പ്രിന്റർ, മേശ, കസേര എന്നിവ നൽകുന്നതിന് 42690/-രൂപയും, മണാശ്ശേരി വായനശാല, നട്ടകിൽ വായനശാല, GHSS നീലേശ്വരം വായനശാല എന്നിവിടങ്ങളിലേക്ക് അലമാരയും വാങ്ങുന്നതിനാണ് പണം ചെലവഴിച്ചിട്ടുള്ളത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിശദീകരണങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1) മേൽ സ്ഥാപനങ്ങളിൽ നഗര സഭയുടെ ചുമതലയിൽ വരുന്ന സ്ഥാപനങ്ങളെതെല്ലാം.

2) വാങ്ങിയിട്ടുള്ള കമ്പ്യൂട്ടർ പ്രിന്റർ എന്നിവയൊന്നും പ്രസ്തുത സ്ഥാപനങ്ങളിൽ വിതരണം ചെയ്തിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (12/16-17/31-05-17) മറുപടി ലഭ്യമാക്കിയിട്ടില്ല. 79834 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-7 ഖരമാലിന്യ സംസ്കരണം

ഖരമാലിന്യ സംസ്കരണം

പ്രോജക്റ്റ് നം – എസ്0374/17

അടങ്കൽ – 685000/(വികസനഫണ്ട്)

-500000/-(ധനകാര്യകമ്മീഷൻഗ്രാന്റ്)

11,85,000/-

ചെലവ് -500000/--ബിൽ നം-1/17/31.3.17

-72,798/- തനതുഫണ്ട്

ഖരമാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി വിവിധ വാർഡുകളിൽ നിന്നും ശേഖരിയ്ക്കുന്ന അജൈവ പാഴ് വസ്തുക്കൾ നീക്കം ചെയ്യുന്നതിനു അംഗീകൃത ഏജൻസികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ച് നടപ്പിലാക്കുന്നതിനായി ലക്ഷ്യമിട്ട പദ്ധതിയുടെ നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1)11,85,000/- രൂപ വകയിരുത്തിയ പദ്ധതി ഇ-ടെണ്ടർ നടത്താതെ, ക്വട്ടേഷൻ ക്ഷണിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

2)ക്വട്ടേഷൻ നോട്ടീസിലെ നിബന്ധനകളിലൊന്നായ രണ്ടു വർഷത്തെ പരിചയം, സ്വന്തമായി റീസൈക്ലിംഗ് യൂണിറ്റ് ഉള്ള സ്ഥാപനങ്ങൾക്ക് മുൻഗണന എന്നതു പ്രകാരം ഉള്ള ക്വട്ടേഷൻ അല്ല ഫയലിൽ ഹാജരാക്കിയിട്ടുള്ളതു.നിലവിൽ ക്വട്ടേഷൻ അംഗീകരിച്ചു നല്കിയ സ്ഥാപനത്തിന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ മേൽപ്പറഞ്ഞ ലൈസൻസുകൾ ഉള്ളതായി കാണുന്നില്ല.ഹാജരാക്കിയ ഫയലിൽകന്നടഭാഷയിലുള്ള ഒരുസാക്ഷ്യപത്രമാണ് ലൈസൻസ് ആയി ഉള്ളത്..എന്നാൽ പ്രസ്തുത സാക്ഷ്യ പത്രം മേൽ സ്ഥാപനത്തിന് മേൽപ്പറഞ്ഞ പ്രവൃത്തിയ്ക്കുള്ളതാണ് എന്നുറപ്പാക്കുവാൻ സാധിക്കില്ല.

3)ഹാജരാക്കിയ ഫയലിൽ 2.6.2016 ലെസ.ഉ.(സാധാ) നം.1825/2016/തസ്വഭവ പ്രകാരം കാലാവധി നീട്ടിയതിന്റെയും, പുതിയവയ്ക്ക് അംഗീകാരം നല്കിയതുമായ ഉത്തരവാണ്. എന്നാൽ ആയതിനോടൊപ്പം സ്ഥാപനങ്ങളുടെ അനുബന്ധ ലിസ്റ്റുകൾ വയ്ക്കുന്നതിനുപകരം സ്ഥാപനത്തിന്റെ പേരുവിവരം മാത്രമാണ് ഫയലിൽ ഹാജരാക്കിയിട്ടുള്ളത്. അനുബന്ധ ലിസ്റ്റ് ഹാജരാക്കേണ്ടതാണ്.

4)ഫണ്ടിൽ നിന്നും ആഗസ്റ്റ് മാസത്തിൽ ഖരമാലിന്യങ്ങൾ ശേഖരിച്ചതിന് പ്രസ്തുത സ്ഥാപനത്തിന് 72,798/-നല്കിയിട്ടുണ്ട്. ആയത് എപ്രകാരമാണ് എന്നതു വ്യക്തമാക്കേണ്ടതാണ്.

5)സ്ഥാപനത്തിൽ നിന്നും നിയമാനുസൃതമായ നികുതികൾ പിടിച്ച് ഒടുക്കിയതിന്റെ രസീതുകൾ, ചെലാനുകൾ എന്നിവ ഫയലിൽ ഹാജരാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേലപാകതകൾ നിലനിൽക്കുന്നതിനാൽ പ്രോജക്റ്റിനായി ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-8** വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

2016-17 വർഷം വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ കന്നുകുട്ടി പരിപാലന പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ നിലനില്ക്കുന്നു.

.

1)കന്നുകുട്ടി പരിപാലനപദ്ധതി (സ്പിൽ ഓവർ) 2) കന്നുകുട്ടി പരിപാലനം

പ്രോജക്ട് നം – എസ്380/17 പ്രോജക്ട് – എസ്0007/17

അടങ്കൽ-87,500/-(വി.ഫ.ജനറൽ) അടങ്കൽ-140000/-(വി.ഫ. ജ)

-2,25,000/- (വി.ഫ.ധനകാര്യ.ഗ്രാ.) -3,60,000/-(വി.ഫ.ധ)

-3,12,500/-(സംസ്ഥാനവിഹിതം) -5,00,000/-(സം.വിഹി)

-6,25,000/-(ഗുണ.വി നേരിട്ട്) -10,00,000/-(ഗു.വി,നേ)

ആകെ-12,50,000/- ആകെ-20,00,000/-

ചെലവ്-2,25,000/- 1/16-17/28.2.2017 ചെലവ്-2,25,000/-

-87500/- 2/16-17/28.2.2017 (5/16-17/30.3.17)

-87,500/-

(4/16-17/30.3.17)

എൺപതോളം ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനും കാലികളെ ഇൻഷ്വർ ചെയ്യുന്നതിനും ലക്ഷ്യമിട്ട് എസ്എൽബിപി അസിസ്റ്റന്റ് ഡയറക്ടർക്ക് തുക കൈമാറുന്ന പദ്ധതിയാണിത്. ആയതു പ്രകാരം തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു നല്കുന്നതായുള്ള നടപടിക്രമത്തിന്റെ കയ്യെഴുത്ത് പ്രതി മാത്രമാണ് ഹാജരാക്കിയ ഫയലിൽ ഉള്ളത്. പ്രസ്തുത തുക കൈപ്പറ്റിയതിന്റെ രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. രണ്ടു പദ്ധതികളിലുമായി എത്ര കിടാരികളെ ഇൻഷ്വർ ചെയ്തുവെന്നോ, പോളിസികളുടെ പകർപ്പുകളോ ഹാജരാക്കിയിട്ടില്ല. ഏതു സൊസൈറ്റികൾ വഴിയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത് എന്ന വിവരങ്ങളും ഹാജരാക്കിയ ഫയലിൽ നിന്നും വ്യക്തമല്ല.

2)വെറ്ററിനറി ഡിസ്പെൻസറിക്കു മരുന്നുവാങ്ങൽ

പ്രോജക്റ്റ് നം.-എസ്0006/17

അടങ്കൽ -1,50, 000/-(മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം)

ചെലവ് – 1,50.000/- 3/16-17/30.3.2017

ഹാജരാക്കിയ പ്രോജക്ട് പ്രകാരം ടെണ്ടർ നടപടിയിലൂടെയാണ് മരുന്നുവാങ്ങൽ നടത്തേണ്ടത്. എന്നാൽ ഹാജരാക്കിയ ഫയലിലെ പത്രപ്പരസ്യത്തിന്റെ പകർപ്പിൽ ഹോമിയോ ആശുപത്രിക്കു മരുന്നുവാങ്ങലിനാണ് ടെണ്ടർ ക്ഷണിച്ചതായി കാണുന്നത്. സെക്രട്ടറിയുടെ ടെണ്ടർ നടപടിക്രമത്തിന്റെ ഫയൽ പരിശോധിച്ചതിലും മൃഗാശുപത്രിക്കു മരുന്നു വാങ്ങലിനു ക്വട്ടേഷൻ വിളിച്ചതായി കാണുന്നില്ല. രണ്ടു സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ലഭിച്ചുവെന്നും, കുറഞ്ഞ നിരക്കു ക്വാട്ട് ചെയ്ത അലൈഡ് ഏജൻസീസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചു എന്നും, പഞ്ചായത്തു തല പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കണമെന്ന് സെക്രട്ടറിയോട് വെറ്ററിനറി സർജൻ ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് ഫയലിൽ കാണുന്നു. എന്നാൽ രണ്ടാമത്തെ സ്ഥാപനം ഏതെന്നോ, രണ്ടു സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച നിശ്ചിത ഫോമിലുള്ള ടെണ്ടറുകൾ (സീലു പൊട്ടിച്ച കവറുൾപ്പെടെ) എന്നിവ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ ഫയലിൽ അലൈഡ് ഏജൻസീസിന്റെ അതേ ടിൻ നംപർ, സെയിൽസ് ടാക്സ് രജിസ്ട്രേഷൻ നംപർ എന്നിവയും അഡ്രസ്സും ഒരേപോലുള്ള അലൈഡ് മെഡിക്കൽസ് എന്ന സ്ഥാപനത്തിന്റെ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്താത്ത ടെണ്ടറും കാണുന്നു. എന്നാൽ ഒരു കംപാരറ്റീവ് സ്റ്റേറ്റ്മെന്റു തയ്യാറാക്കിയതായോ (അനക്സ്ചർ-20), പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനമോ, നഗരസഭയുടെ പ്രൊക്യൂർമെന്റ് പ്ളാൻ കമ്മിറ്റിയുടെ അംഗീകാരമോ ഫയലിൽ ഹാജരാക്കിയിട്ടില്ല. ടെണ്ടർ അംഗീകരിച്ച സ്ഥാപനത്തിൽ നിന്നും ഇഎംഡി ആയി ബാങ്ക് ഗ്യാരണ്ടി വാങ്ങിയതായി കാണുന്നില്ല. ക്വട്ടേഷനിൽ മരുന്നുകളുടെ സാങ്കേതിക പദങ്ങളുപയോഗിക്കുകയും, ക്യാഷ് ബില്ലിൽ ബ്രാന്റ് നെയിമും ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതുമൂലം ആവശ്യപ്പെട്ട മരുന്നുകൾ തന്നെയാണ് ക്വാട്ട് ചെയ്ത വിലയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത് എന്ന് ആരും സാക്ഷപ്പെടുത്തിയിട്ടില്ല. കൂടാതെ പരിശോധനയിൽ ആയതു ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. 23.3.2017ന് ക്യാഷ് ബില്ലു ചെയ്ത മരുന്നുകൾ ഓഡിറ്റ് തീയതി വരേയും (27.5.2017) ഒരെണ്ണം പോലും ഉപയോഗിച്ചതായി കാണുന്നില്ല. മേലപാകതകൾക്കു വിശദീകരണം

ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ല. ആയതിനാൽ മൂന്ന് പദ്ധതികളിലുമായി ചെലവഴിച്ച 3,12,500/-,3,12,500/-, 150,000/- എന്നീ തുകകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 വിനിയോഗ, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല

ഓഡിറ്റ് വർഷത്തിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി മറ്റ് സ്ഥാപനങ്ങൾക്ക് മുൻസിപ്പാലിറ്റി ഫണ്ടിൽ നിന്നും താഴെ പറയുന്ന തരത്തിൽ തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെയും തുക വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രങ്ങൾ പരിശോധനക്കായി ലഭ്യക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പദ്ധതി പേര്, നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | ചെലവ് തുക | ബിൽ/ഡി.ഡി. നം, തീയതി |
|---|---|---|---|---|
| 1 | ഐ.എ.വൈ.വിഹിതം, 38/17, (എസ്.സി) | സെക്രട്ടറി | 2,25,000 | 32/16-17, 10.03.2017 |
| 2 | എസ്.എസ്. എ പദ്ധതി 219/17 | പ്രിൻസിപ്പാൾ<br>ഗവ.ഹയർ സെക്കന്ററി സ്കൂൾ | 2358500<br>541500 | 1/16-17, 11.01.2017<br>2/16-17.11.01.17 |
| 3 | വയോമിത്രം പദ്ധതി - 414/17 | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 10,00,000 | 7/16-17, 06.03.2017 |
| ആകെ | | | 4125000 | |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (7/16-17/31-05-17) മറുപടി ലഭ്യമാക്കിയിട്ടില്ല. 4125000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-10 തെരുവ് വിളക്ക് സ്ഥാപിക്കൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്ട് നം- - 382/17

-1000000

ചെലവ് - 9,96,150 [തനത് ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

മുക്കം നഗരസഭയിൽ 2016-17 വർഷത്തിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനായി 9,96,150 രൂപ ചെലഴിച്ച് ടെണ്ടർ നടപടികളിലൂടെ കെ.എസ്.ഐ.ഇ (kerala state industrial enterprises ltd.) എന്ന സ്ഥാപനത്തിൽ നിന്ന് 500 സി.എഫ്. എൽ ലാംമ്പുകൾ (2X18 W FTL with fittings) വാങ്ങിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ

1- തെരുവു വിളക്കുകൾ സ്ഥാപിച്ചില്ല

സ്റ്റോക്ക് റജിസ്റ്ററിൽ 500 വിളക്കുകൾ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവ സ്ഥാപിച്ചിട്ടില്ല. വിളക്കുകൾ വിതരണം ചെയ്ത സ്ഥാപനവുമായോ വൈദ്യുതി ബോർഡുമായോ ഇതു സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടില്ല. സ്റ്റോക്ക് റജിസ്റ്ററിൽ 17 എണ്ണം ചെയർമാന് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒപ്പു വെച്ച് ആധികാരിമാക്കിയിട്ടില്ല.

2. പണം നൽകിയതിന്റെ രേഖയില്ല.

K.S.I.E യ്ക്ക് തുകനല്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3. കരാർ രേഖകൾ പൂർണ്ണമല്ല

9,96,150 രൂപയ്ക്ക് വിളക്കുകൾ വാങ്ങിയിട്ടുള്ള K.S.I.E എന്നസ്ഥാപ നവുമായി ഉണ്ടാക്കിയിട്ടുള്ള കരാർ അപൂർണ്ണമാണ്. കരാർ വ്യവസ്ഥകൾ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (3/16-17/31-05-17) മറുപടി ലഭ്യമാക്കിയിട്ടില്ല. 996150 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-11 പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക്

പ്രോജക്റ്റ് നം--416/17

അടങ്കൽ --20000/

ചെലവ് --15000/- ബിൽ നം-2/17/31.3.17

ഹെൽത്ത് സൂപ്പർവൈസർ നടപ്പിലാക്കിയ പ്രസ്തുത പ്രോജക്റ്റിൽ ഗുണഭോക്താക്കൾക്ക് വാട്ടർടാങ്ക് നല്കിയതിന്റെ വിശദാംശങ്ങൾ, വിതരണരീതി എന്നിവ പരിശോധനയ്ക്ക ഹാജരാക്കിയിട്ടില്ല. ആയതിനു വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 തസ്തികകളിൽ താല്ക്കാലിക നിയമനം

മുക്കം മുനിസിപ്പാലിറ്റിയിൽ 24 റഗുലർ തസ്തികയും 23 കണ്ടീജന്റ് തസ്തികയുമാണ് അനുവദിക്കപ്പെട്ടത്. അനുവദിക്കപ്പെട്ട തസ്തികകൾക്കു പുറമെ 2016-17 വർഷത്തിൽ ശ്രീമതി. ശാലിനി.കെ.സി, ശ്രീമതി. സുശീല, ശ്രീമതി. സുധ, ശ്രീമതി. രമ്യ എന്നിവരെ ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ശ്രീ.ലിപിൻ എന്നിവരെ ടെക്നിക്കൽ അസിസ്റ്റന്റ്, ശ്രീ. ജയപ്രകാശ്, ശ്രീ. ബിജു എന്നിവരെ ഡ്രൈവർ, ശ്രീ.ബാലൻ, ശ്രീമതി.രാധ, ശ്രീമതി. കോമളം എന്നിവരെ സ്വീപ്പർ, ശ്രീ.ജയശീലൻ എന്നിവരെ പ്രൊജക്ട് ക്ലർക്ക് തസ്തികയിൽ നിയമിക്കുകയും ദിവസവേതനാടിസ്ഥാനത്തിൽ തനത്ഫണ്ട് അക്കൗണ്ടുകളിൽ വേതനം നൽകുകയും ചെയ്തു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | പേര് | തസ്തിക | കാലയളവ് | വേതനം |
|---|---|---|---|---|
| 1 | ശ്രീ. ജയശീലൻ | പ്രൊജക്ട് ക്ലർക്ക് | 2/2016 മുതൽ 2/2017 വരെ | 180125 |
| 2 | ശ്രീമതി. സുശീല | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 3/2016 മുതൽ 2/2017 വരെ | 175875 |
| 3 | ശ്രീമതി. ശാലിനി | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 3/2016 മുതൽ 2/2017 വരെ | 182900 |
| 4 | ശ്രീമതി.രമ്യ | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 3/2016 മുതൽ 2/2017 വരെ | 176400 |
| 5 | ശ്രീ. ലിപിൻ | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 3/2016 മുതൽ 2/2017 വരെ | 174125 |
| 6 | ശ്രീ. ബിജു | ഡ്രൈവർ | 3/2016 മുതൽ 2/2017 വരെ | 196350 |
| 7 | ശ്രീ. ജയപ്രകാശ് | ഡ്രൈവർ | 6/2016 മുതൽ 2/2017 വരെ | 161425 |
| 8 | ശ്രീ.ബാലൻ | സ്വീപ്പർ | 3/2016 മുതൽ 2/2017 വരെ | 73275 |
| 9 | ശ്രീമതി. രാധ | സ്വീപ്പർ | 3/2016 മുതൽ 2/2017 വരെ | 71475 |
| 10 | ശ്രീമതി. കമല | സ്വീപ്പർ | 3/2016 മുതൽ 2/2017 വരെ | 69825 |
| 11 | ശ്രീമതി. സുധ | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 8/2016 മുതൽ 2/2017 വരെ | 84075 |
| ആകെ | | | | 1545850 |

തസ്തിക നിലവിലില്ലാതെ അധിക ജീവനക്കാരെ നിയമിക്കുകയും തനത് ഫണ്ടിൽ നിന്നും വേതനം നൽകിയതും ശരിയായ നടപടിയല്ല. ദിവസവേതനത്തിന് ജീവനക്കാരെ നിയമിച്ചതിന് ബന്ധപ്പെട്ട അധികാരികളുടെ അനുമതി സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 17/16-17തി. 31.5.2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ജീവനക്കാരെ നിയമിക്കുന്നതിന് സർക്കാരിന്റെ അനുമതിയും ചട്ടപ്രകാരമുള്ള നിയമനരീതിയും പിൻതുടരേണ്ടതാണ്. നിയമനം സുതാര്യമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തേണ്ടതുമാണ്. അപാകതയ്ക്ക് വ്യക്തമായ മറുപടി സമർപ്പിക്കേണ്ടതാണ്. സർക്കാർ വേതന ഇനത്തിൽ ചെലവഴിച്ച 1545850/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-13 ആശ്രയ രണ്ടാം ഘട്ട പദ്ധതി നടപ്പിലാക്കുന്നില്ല

നഗര സഭയിലെ 82 ഗുണഭോക്താക്കൾ ഉൾപ്പെടുന്ന ആശ്രയ രണ്ടാംഘട്ട പദ്ധതി ഗുണഭോക്താക്കൾക്ക് നാളിതുവരെയായി പദ്ധതി പ്രവർത്തനം ആരംഭിച്ച് സഹായങ്ങൾ ലഭ്യമാക്കാൻ തുടങ്ങിയിട്ടില്ല. വളരെയധികം ക്ലേശങ്ങൾ അനുഭവിക്കുന്ന ഈ വിഭാഗത്തിന് വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. പദ്ധതി നടപ്പിലാക്കാത്തത്

സംബന്ധിച്ച് 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ( നം.ksa/kkd/p14/154/17, 31-03-2017) ഖണ്ഡിക 3-36 ആയി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും പരിഹാര നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (9/16-17/31-05-17) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-14 ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 30 (1) ഒന്നാം പട്ടിക പ്രകാരം ചെറുകിട വ്യവസായ മേഖലയിൽ മുനിസിപ്പാലിറ്റിയ്ക്ക് ചുമതലകൾ നടപ്പിലാക്കാനുണ്ട്. ഗ്രാമീണ കുടിൽ വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുക, ചെറുകിട വ്യവസായങ്ങളും മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും സ്ഥാപിക്കുക, വ്യവസായ മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്ക്കരിക്കരിച്ച് നടപ്പാക്കുക എന്നിവയാണവ. നഗരസഭയിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ ഈ മേഖലയിൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. 2016-17 വർഷത്തിൽ 9400000/- രൂപ വകയിരുത്തി സ്വയം തൊഴിൽ സംരംഭത്തിനായി പദ്ധതി തയ്യാറാക്കിയെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-15 ഫണ്ട് വിനിയോഗിക്കുന്നതിൽ വീഴ്ച.

വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ലഭിച്ചിട്ടുള്ള വികസന ഫണ്ട്, മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും കേന്ദ്ര ഫണ്ടായും ലഭിച്ചിട്ടുള്ള തുകകൾ ചെലവഴിയ്ക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വാർഷിക കണക്ക് ബാലൻഷീറ്റിലെ B-4 സ്റ്റേറ്റ്മെന്റ് പ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടി കേന്ദ്ര ഗവൺമെന്റിൽ നിന്നും മറ്റു തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള 94,62,383/- രൂപ വിനിയോഗിക്കാതെ നീക്കിയിരിപ്പുണ്ട്.
2. മെയിന്റനൻസ് ഗ്രാന്റ് റോഡ് ഇനത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് തൻവർഷം 1,67,94,207 ബജറ്റ് പ്രകാരം കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് അലോട്ടമെന്റ് ലഭിച്ചിട്ടുണ്ട്. ഇതിൽ 44,97,965 രൂപ മാത്രമാണ് തൻവർഷം പദ്ധതി നടത്തിപ്പിനായി ചെലവഴിച്ചിട്ടുള്ളത്. അതായത് 26.7% മാത്രം.

ഫണ്ട് വിനിയോഗത്തിലെ ഗണ്യമായ കുറവ് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-16 സ്ഥിര നിക്ഷേപങ്ങൾ സമയ ബന്ധിതമായി പുതുക്കുന്നില്ല, കണക്ക് കൃത്യമായി സൂക്ഷിയ്ക്കുന്നില്ല.

വാർഷികകണക്ക് പ്രകാരം 1,02,93,632/- രൂപ സ്ഥിരനിക്ഷേപമായി തൻവർഷം നീക്കിയിരിപ്പുണ്ട്. മുനിസിപ്പാലിറ്റിയിൽ സൂക്ഷിച്ചിട്ടുള്ള റജിസ്റ്റർ എഴുതി പൂർത്തിയായിട്ടില്ല. സ്ഥിരനിക്ഷേപങ്ങളുടെ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതിൽ താഴെ കാണിച്ച പ്രകാരമുള്ള തുകകൾ നിക്ഷേപിച്ചിട്ടുണ്ട്.

| നിക്ഷേപ തിയ്യതി | ബാങ്ക് | തുക | പുതുക്കേണ്ട തിയ്യതി | റിമാർക്ക്സ് |
|---|---|---|---|---|
| 1-4-16 (മുൻ ബാക്കി) | കൊടിയത്തൂർ സർവ്വീസ് സഹകരണ ബാങ്ക് | 2524418 | 16-11-16 | പുതുക്കിയിട്ടില്ല |
| 31-03-17 | KDC ബാങ്ക് | 1500000 | 16-5-17 | പുതുക്കിയിട്ടില്ല |
| 31-03-17 | KDC ബാങ്ക് | 1000000 | 16-5-17 | പുതുക്കിയിട്ടില്ല |
| 31-03-17 | കൊടിയത്തൂർ സർവ്വീസ് സഹകരണ ബാങ്ക് | 1500000 | 16-5-17 | പുതുക്കിയിട്ടില്ല |
| 31-03-17 | മുക്കം മേഖലാ സർവ്വീസ് സഹകരണ ബാങ്ക് | 2000000 | 16-5-17 | പുതുക്കിയിട്ടില്ല |

മുനിസിപ്പാലിറ്റിയുടെ സ്ഥിരനിക്ഷേപം സംബന്ധിച്ച കണക്ക് കൃത്യമായി സൂക്ഷിയ്ക്കാത്തതിനും സ്ഥിരനിക്ഷേപങ്ങൾ പുതുക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-17 ജനനമരണ റജിസ്ട്രേഷൻ– ഹോസ്പിറ്റൽ കിയോസ്ക്ക് - ഡാറ്റാ എൻട്രി സംബന്ധിച്ച്

ജനന മരണ റജിസ്ട്രേഷൻ ഇനത്തിൽ തൻവർഷം 15736/- രൂപയാണ് വരവുള്ളത്. സെന്റ് ജോസഫ് ഹോസ്പിറ്റൽ, കെ.എം.സി.ടി ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ നിന്ന് തൻവർഷം 2 തവണയായാണ് മുനിസിപ്പാലിറ്റിയിൽ ഫീസ് അടവാക്കിയിട്ടുള്ളത്. ഹോസ്പിറ്റൽ കിയോസ്ക്കിൽ സർട്ടിഫിക്കറ്റിന് ഗുണഭോക്താവിൽ നിന്ന് ഈടാക്കുന്ന 20 രൂപയിൽ പകുതി തുക ഡാറ്റാ എൻട്രി ചെലവിനായി ഹോസ്പിറ്റലിലേയ്ക്ക് തന്നെ തിരിച്ചു നൽകുന്നുണ്ട്. ഇതിനാവശ്യമായ ഡാറ്റാ എൻട്രികളൊക്കെ ഹോസ്പ്പിറ്റലിൽ തന്നെ നടത്തുന്നു എന്നിരിക്കെ ഈ ആവശ്യത്തിനായി ഡാറ്റാ എൻട്രി നടത്തുന്നതിനായി ദിവസ വേതന അടിസ്ഥാനത്തിൽ ദിവസം 675/- രൂപ നിരക്കിൽ മാസത്തിൽ 23 ദിവസത്തോളം ജീവനക്കാരെ നിയമിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## **3-18** പത്ര പരസ്യത്തിന് അധിക നിരക്ക് അനുവദിച്ചു.

വിവിധ പദ്ധതികളുടെ ടെണ്ടർ പരസ്യം പത്രത്തിൽ നല്കുന്നതിന് 2016-17 വർഷത്തിൽ പണം ചെലവഴിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ സ്ഥാപനങ്ങൾക്ക് മലയാള പത്രങ്ങൾ പരസ്യ ചെലവിൽ 15% ഇളവ് അനുവദിക്കണമെന്നുണ്ട്. ഇളവുകൾ ലഭ്യമാക്കാതെ പരസ്യതുക ചെലവഴിച്ചതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | പത്രം, തിയ്യതി | ചെക്ക് നമ്പർ, തിയ്യതി | അനുവദിച്ച തുക |
|---|---|---|---|
| 1 | ദേശാഭിമാനി, 4.8.2016 | 189596 26.9.2016 | 6160 |
| 2 | മലയാള മനോരമ 21.1.2017 | 423789 6.3.2017 | 15120 |
| 3 | മാതൃഭൂമി 7.9.2016 | 189822 4.10.2016 | 17040 |
| 4 | മാതൃഭൂമി 10.10.2016 | 190150 17.11.2016 | 4193 |
| 5 | ദേശാഭിമാനി 9.10.2016 | 190167 25.11.2016 | 2640 |
| 6 | മാതൃഭൂമി 19.10.2016 | 190168 25.11.2016 | 8520 |
| 7 | ദേശാഭിമാനി 7.9.2016 | 189847 20.10.2016 | 11440 |
| 8 | ദേശാഭിമാനി 23.12.2015 | 183275 7.4.2016 | 5600 |
| 9 | ദേശാഭിമാനി 20.3.2016 | 184564 3.5.2016 | 4000 |
| 10 | ദേശാഭിമാനി 2.3.2016 | 184697 13.6.2016 | 4800 |
| 11 | ദേശാഭിമാനി 15.9.2015 | 184697 13.6.2016 | 7200 |
| 12 | ദേശാഭിമാനി 8.6.2016 | 188027 9.8.2016 | 5280 |

| | | | |
|---|---|---|---|
| 13 | ദേശാഭിമാനി<br>14.12.2016 | 194569<br>2.2.2017 | 21472 |
| 14 | മാതൃഭൂമി<br>21.2.2015 | 194567<br>2.2.2017 | 7920 |

ഇളവുകൾ ലഭ്യമാക്കാതെ പരസ്യത്തിന് തുക നൽകിയ അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 5/16-17തി. 30.5.2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടി സമർപ്പിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | സാമ്പത്തിക വർഷം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാ വസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺ | 2016-17 | 2248857 | 100000 | | 2148857 |
| കെ.യു.ആർ.ഡി.എഫ്.സി | 2016-17 | 6681562 | 1240192 | | 5441370 |

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1140 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 2-8 | 390 | കെ.പി.ചന്ദ്രപ്പൻ | 11606107258/28.3.2017 |

| | | | | |
|---|---|---|---|---|
| 2015-16 | 2-5 | 500 | രാജേഷ് കറിപൗഡർ | 11603106695/1.3.2017 |
| 2015-16 | 2-5 | 250 | ഡോ.അജ്മൽ.കെ.ടി | 11603106905/8.3.2017 |
| | | 1140 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തായിരുന്ന കാലഘട്ടത്തിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2000-01 | 48 | 2003-04 | പൊതു പരാമർശം 1 | കളിമൺപാത്ര യൂണിറ്റ് പ്രവർത്തനമാരംഭിച്ചില്ല |
| 2001-02 പ്ലാൻ | 16 | 2003-04 | പൊതു പരാമർശം 3 | വ്യക്തികൾ വിട്ടുകൊടുത്ത ഭൂമിയിൽ നടപടിക്രമങ്ങൾ പാലിക്കാതെ നിർമ്മാണം |
| 2001-02 | 18 | 2003-04 | പൊതു പരാമർശം 4 | കുടിവെള്ള പദ്ധതികൾ പരിപാലന കമ്മിറ്റികൾക്ക് കൈമാറിയില്ല. |
| 2000-01 | 32 | 2003-04 | പൊതു പരാമർശം 7 | നികുതി പിരിവിലെ അലംഭാവം വൻതുക കാലഹരണപ്പെട്ടു. |
| 2001-02 | - | 2004-05 | പൊതു പരാമർശം 3 | നികുതി പിരിവിലെ അലംഭാവം കുടിശ്ശിക പെരുകുന്നു |
| 2002-03 | 3-11 | 2005-06 | പൊതു പരാമർശം 70(5) | നിക്ഷേപ വേലകൾ പൂർത്തിയാക്കിയില്ല 220950 |
| 2003-04 | 3-11 | 2005-06 | 70(8) | കുടിവെള്ള പദ്ധതികൾ പഞ്ചായത്തുകൾക്ക് ബാദ്ധ്യതയാവുന്നു 38527 |
| 2002-03 | 2 | 2005-06 | 70(14) | നികുതി പിരിവിലെ അലംഭാവം കുടിശ്ശിക പെരുകുന്നു |
| 2003-04 | 3-3 | 2005-06 | 74 | വരൾച്ചാ ദുരിതാശ്വാസം 1.2 ലക്ഷം ദുർവ്യയം |
| 2004-05 | 2-7 | 2006-07 | 3.79.1 | ബസ് സ്റ്റാന്റ് ഫീസ്, മാർക്കറ്റ് ഫീ 90-91 മുതൽ കുടിശ്ശിക |
| 2004-05 | 3-15 | 2006-07 | 3.79.19 | ടാറിന് അധികനിരക്ക് നൽകി |
| | 3-16 | 2006-07 | 3.79.19 | മണ്ണ് പ്രവൃത്തി അപാകതകൾ |
| 2007-08 | 3-16 | 2009-10 | 3.2.1 | അസാധാരണചെലവ് സർക്കാർ ഉത്തരവ് പ്രകാരമുള്ള പരിധിയും നിബന്ധനയും പാലിച്ചില്ല. |
| 2007-08 | 3-21 | 2009-10 | 3.8.11 | മുക്കം ബസ് സ്റ്റാന്റ് യാർഡ് നവീകരണം പ്രവൃത്തി നടത്തിപ്പിൽ ക്രമക്കേട് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 104009674 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 92110750 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 254835 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 9502897 |

(ബി). ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 229320 | .. | ശ്രീ.ഗിരീഷ്കുമാർ.കെ, സെക്രട്ടറി<br>ശ്രീ.എൻ.കെ.ഹരീഷ്, സെക്രട്ടറി |
| 2-3 | 24840 | .. | ശ്രീ.ഗിരീഷ്കുമാർ.കെ, സെക്രട്ടറി<br>ശ്രീ.എൻ.കെ.ഹരീഷ്, സെക്രട്ടറി |
| 2-4 | 275 | .. | ശ്രീ.ഗിരീഷ്കുമാർ.കെ, സെക്രട്ടറി<br>ശ്രീ.എൻ.കെ.ഹരീഷ്, സെക്രട്ടറി |
| 2-13 | 400 | .. | ശ്രീ.ഗിരീഷ്കുമാർ.കെ, സെക്രട്ടറി<br>ശ്രീ.എൻ.കെ.ഹരീഷ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 81967 | ശ്രീമതി.റസീന.എൻ.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | 449820 | ശ്രീമതി.റസിയ, പ്രിൻസിപ്പാൾ |
| 3-3 | 196746 | ശ്രീ. എൻ.കെ.ഹരീഷ്, സെക്രട്ടറി |
| 3-4 | 582042 | ശ്രീമതി.റസിയ, പ്രിൻസിപ്പാൾ |
| 3-5 | 82690 | ശ്രീമതി.റസിയ, പ്രിൻസിപ്പാൾ |
| 3-6 | 79834 | ശ്രീമതി.റസിയ, പ്രിൻസിപ്പാൾ |
| 3-7 | 572798 | ശ്രീ.എൻ.കെ.ഹരീഷ്, സെക്രട്ടറി |
| 3-8 | 775000 | ശ്രീ.സി.വി.രവി, വെറ്ററിനറി സർജൻ |
| 3-9 | 225000 | ശ്രീ. എൻ.കെ.ഹരീഷ്, സെക്രട്ടറി |
| | 2900000 | ശ്രീമതി.റസിയ, പ്രിൻസിപ്പാൾ |
| | 1000000 | ശ്രീമതി.സ്മിത.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-10 | 996150 | ശ്രീ.എൻ.കെ.ഹരീഷ്, സെക്രട്ടറി |
| 3-11 | 15000 | ഡോ.കെ.ആലിക്കുട്ടി, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| 3-12 | 1545850 | ശ്രീ.ഗിരീഷ്കുമാർ.കെ, സെക്രട്ടറി,<br>ശ്രീ.ഹരീഷ്.എൻ.കെ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2(3), 2(6), 2(7)

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എൻ.കെ.ഹരീഷ്, സെക്രട്ടറി | സെക്രട്ടറി, മുക്കം നഗരസഭ | നായരുകുന്നത്ത് ഹൗസ്, പിലാശ്ശേരി പി.ഒ |
| ശ്രീ.ഗിരീഷ്കുമാർ.കെ, സെക്രട്ടറി | സെക്രട്ടറി, കുന്നമംഗലം ഗ്രാമപഞ്ചായത്ത് | കണ്ണ്യോരുപ്പിൽ വീട്, തച്ചംപ്പൊയിൽ പി.ഒ, താമരശ്ശേരി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.കെ.കെ.ഡി(പി3)209/10(12) തീയതി: 10.05.2011 | 10 | |
| 1997-98 | എൽ എഫ് കെ കെ ഡി(പി3) 832/13(7)തി 4.07.2013 | 4 | |
| 1998-99 | എൽ എഫ് കെ കെ ഡി(പി3) 209/10(14) തീയതി:10.05.2011 | 8 | |
| 1999-00 | എൽ എഫ് കെ കെ ഡി(പി3) 209/10(15) തീയതി:10.05.2011 | 24 | |
| 2000-01 | എൽ എഫ് കെ കെ ഡി(പി3) 209/10(16) തീയതി:10.05.2011 | 31 | |
| 2001-02 പദ്ധതി | എൽ എഫ് കെ കെ ഡി(പി3) 209/10(18) തീയതി:10.05.2011 | 13 | |
| 2001-02 | എൽ എഫ് കെ കെ ഡി(പി3) 209/10(17) തീയതി: 10.05.2011 | 9 | |
| 2002-03 | എൽ എഫ് കെ കെ ഡി(പി3) 209/10(19) തീയതി: 10.05.2011 | 17 | |
| 2003-04 | എൽ എഫ് കെ കെ ഡി(പി3) 209/10(20) തീയതി:10.05.2011 | 9 | |
| 2004-05 | എൽ എഫ് കെ കെ ഡി(പി3) 209/10(21) തീയതി:10.05.2011 | 19 | |
| 2005-06 | എൽ എഫ് കെ കെ ഡി(പി3) 209/10(22) തീയതി:10.05.2011 | 21 | |

| | | | |
|---|---|---|---|
| 2006-07 | എൽ എഫ് കെ കെ ഡി(പി3) 209/10<br>തീയതി: 10.05.2011 | 24 | |
| 2007-08 | എൽ എഫ് കെ കെ ഡി (പി3) 1293/10<br>തീയതി:23.12.2010 | 60 | |
| 2008-09 | എൽ എഫ് കെ കെ ഡി(പി3) 1100/12<br>തീയതി:27.07.2012 | 22 | |
| 2009-10 | എൽ എഫ് കെ കെ ഡി(പി3) 239/12<br>തീയതി:15.4.2013 | 13 | |
| 2010-11 | എൽ എഫ് കെ കെ ഡി (പി3) 238/13<br>തീയതി:13.8.2013 | 23 | |
| 2011-12 | എൽ എഫ് കെ കെ ഡി (പി9) 1156/2014<br>തീയതി:1.08.2014 | 20 | |
| 2012-13 | എൽ എഫ് കെ കെ ഡി(പി9)1828/2014<br>തീയതി:12.12.2014 | 12 | |
| 2013-14 | എൽ എഫ് കെ കെ ഡി (പി9) 1309/2015<br>തീയതി:19.09.2015 | 16 | |
| 2014-15 | കെ എസ് എ കെ കെ ഡി പി 9/1309/15 തി. 14.3.2016 | 44 | |
| 2015-16 (upto 31-10-15) | കെ എസ് എ കെ കെ ഡി പി 14/153/17 തി. 31.01.2017 | 14 | |
| 2015-16 (11/15 to 3/16) | കെ എസ് എ കെ കെ ഡി പി 14/754/17 തി. 31.01.2017 | 31 | |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം -1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.കെ.കെ.ഡി. പി 14/1735/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ – 0495-2371012

തീയതി: 11-10-2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295(4)-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ മുക്കം നഗരസഭയുടെ 31.03.2017 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുക്കം നഗരസഭയുടെ 2016-17 വർഷത്തെ ധനകാര്യ സ്റ്റേറ്റ് മെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

No.KSA.KKD.P 14/1735/17

Kerala State Audit Department

District Audit Office

Civil Station – Kozhikode
PH: 0495-2371012
Dated:11-10-2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of MUKKAM MUNICIPALITY in Kozhikode District for the year ended on 31.03.2017 in accordance with section'4' of the Kerala Local Fund Audit Act 1994, Section 295(4) of the Kerala Municipality Act 1994; the rules made there under and the guidelince issued by the Comptroller and Auditor Generla of India for the purpose of certification of accounts of Municipalities.

In my openion, the Financial Statements of Mukkam Municipality for the year 2016-17 subject to the observations in my audit report properly presents the picture of income and expenditure.

JOINT DIRECTOR
Kerala State Audit Department
District Audit Office, Kozhikode